സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ) : ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 91, 94 എന്നീ നമ്പർ ഭേദഗതികൾ സ്വീകാര്യമാണ്.

മി. സ്പീക്കർ : ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 91, 94 എന്നീ ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ, അവതരിപ്പിച്ച 90-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 95-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

സഹകരണവും തുറമുഖവും വകുപ്പു മന്ത്രി (ശ്രീ. എം. വി. രാഘവൻ) : സർ, ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ : 2002-ലെ കേരള സഹകരണ സംഘങ്ങളും കേരള സംസ്ഥാന സഹകരണ കാർഷിക-ഗ്രാമീണ വികസന ബാങ്കുകളും (ഭേദഗതി) ബിൽ പാസാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ സഭ പാസ്സാക്കി.

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2001-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2001-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗ്രാമവികസനവും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. സി. എഫ്. തോമസ്) : പ്രമേയത്തെ പിൻതാങ്ങുന്നു.

ശ്രീ. ഷിബു ബേബിജോൺ : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2001-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. നൂറ്റാണ്ടുകളായി നിലനിൽക്കുന്ന കശുവണ്ടി വ്യവസായം ഏറെ പ്രതിസന്ധി നേരിടുകയാണ്. കൊല്ലം ജില്ലയിലാകെ കശുവണ്ടി തൊഴിലാളികളുടെ പ്രശ്നങ്ങൾ ഉന്നയിക്കുന്നു എന്ന വ്യാജേന പ്രക്ഷോഭം നടന്നുകൊണ്ടിരിക്കുകയാണ്. ഒരു കാലഘട്ടത്തിൽ കശുവണ്ടി തൊഴിലാളികളുടെ ആവശ്യങ്ങൾക്കായി ഒറ്റക്കെട്ടായി പടപൊരുതിയ ട്രേഡ് യൂണിയൻ പാരമ്പര്യമാണ് ഉണ്ടായിരുന്നത്. എന്നാൽ ഇന്ന് കശുവണ്ടിത്തൊഴിലാളിയെ കാണാനില്ല. അതിൽ സി.ഐ.ടി.യു., എ.ഐ.ടി.യു.സി. തൊഴിലാളി, 'ഐ' തൊഴിലാളി, ഔദ്യോഗിക തൊഴിലാളി

LIBRARY ARCHIVES Kerala Legislative Assembly

എന്നിങ്ങനെ പല തൊഴിലാളിയായി മാറിയിരിക്കുകയാണ് ഒരേ ആവശ്യങ്ങൾക്കുവേണ്ടി സമരം നടത്തുന്നവർ, രാഷ്ട്രീയ പ്രേരിതമാണെന്നുള്ളതിന്റെ തെളിവാണ് ഒരേ ആവശ്യത്തിനുവേണ്ടി നാലു ഷെഡ്ഡ് കെട്ടി സമരം ചെയ്യുന്ന സാഹചര്യം. കശുവണ്ടി കോർപ്പറേഷൻ കഴിഞ്ഞ രണ്ടു വർഷക്കാലത്തിലേറെയായി പൂട്ടിക്കിടന്നതിന്റെ ഭാഗമായി തൊഴിലാളികൾ പട്ടിണിയിലാണ്. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്ന ബിൽ അവരുടെ ന്യായമായ ആവശ്യങ്ങൾ സംരക്ഷിക്കാൻ അപര്യാപ്തമാണ് എന്നാണ് എന്റെ അഭിപ്രായം. കാരണം കഴിഞ്ഞ രണ്ടുവർഷക്കാലമായി കശുവണ്ടി വികസന കോർപ്പറേഷൻ അടഞ്ഞു കിടക്കുന്നതുകൊണ്ട് അവരുടെ അംശദായം എടുക്കാൻ സാധിച്ചിട്ടില്ല. എന്നാൽ അവർക്ക് ആനുകൂല്യങ്ങൾ മുഴുവൻ നൽകേണ്ട ഒരു സാഹചര്യവും നമ്മുടെ മുമ്പിലുണ്ട്. അതുകൂടാതെ ഇന്ന് കശുവണ്ടി വികസന കോർപ്പറേഷൻ തകർന്ന് തരിപ്പണമാകുന്ന സ്ഥിതിവിശേഷമാണ്. ജീവിച്ചിരിക്കുന്ന എല്ലാ കശുവണ്ടി തൊഴിലാളികൾക്കും പെൻഷൻ ആനുകൂല്യങ്ങൾ നൽകണമെന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ തീരുമാനപ്രകാരം ഗവൺമെന്റ് ആ ബാധ്യത ഏറ്റെടുക്കേണ്ടതായിട്ടുണ്ട്. ഇതു പറയുമ്പോൾ കശുവണ്ടി വ്യവസായം തകരുന്നു, എല്ലാം തമിഴ്നാട്ടിലേക്ക് പോകുന്നു എന്നു പറഞ്ഞുകൊണ്ട് തൊഴിലാളികൾക്ക് ആനുകൂല്യം നിക്ഷേധിക്കുന്ന ഒരു സംവിധാനം ഇവിടെയുണ്ട് എന്നാൽ കാഷ്യൂ എക്സ്പോർട്ട് പരിശോധിക്കുകയാണെങ്കിൽ, ഇവിടെ കാഷ്യൂ എക്സ്പോർട്ട് വർദ്ധിച്ചിട്ടുണ്ട്. പല രീതിയിലായി കശുവണ്ടി തൊഴിലാളികൾക്ക് ന്യായമായി കിട്ടേണ്ട ആനുകൂല്യങ്ങൾ ഇവിടെ നിഷേധിച്ചുകൊണ്ടിരിക്കുകയാണ്. കശുവണ്ടി കോർപ്പറേഷൻ പ്രവർത്തന രഹിതമായതോടെ തൊഴിലാളികളെല്ലാം മറ്റു ഫാക്ടറികളിൽ പോയി തുണ്ടടിസ്ഥാനത്തിൽ ജോലി ചെയ്യാൻ നിർബന്ധിതരാകുന്നു. പക്ഷേ ഈ ബില്ലിൽ വ്യവസ്ഥ ചെയ്യുന്നത് ഏത് ഫാക്ടറിയിൽ ജോലി ചെയ്യുന്നോ ആ ഫാക്ടറിയിൽ നിന്ന് മാത്രമേ ഇവർക്ക് ക്ഷേമനിധിയിലേക്ക് വിഹിതം അടയ്ക്കാൻ സാധിക്കുകയുള്ളൂ എന്ന രീതിയിലാണ്. ഇവർ മറ്റു ഫാക്ടറിയിൽ ജോലി ചെയ്യുന്നതുകൊണ്ട് ഇവരുടെ ആനുകൂല്യങ്ങളൊക്കെ ഇവിടെ നിഷേധിക്കപ്പെടുകയാണ്. ഇവരുടെ ആനുകൂല്യങ്ങൾ ക്ഷേമനിധി ബോർഡ് അടയ്ക്കുന്നില്ല. അക്കാര്യത്തിൽ അടിയന്തരമായി മാറ്റം വരുത്തണം. അന്നേരം തന്നെ ചൂഷണം ഒരു പരിധിവരെ മാറും. കശുവണ്ടി വികസന കോർപ്പറേഷൻ ഫാക്ടറികൾ അടഞ്ഞുകിടക്കുന്നു. മുതലാളിമാരും വ്യവസ്ഥാപിതമായി നടക്കുന്ന പക്കാ ഫാക്ടറികളും ഇവിടെ പ്രവർത്തനം നിർത്തിക്കൊണ്ട് കമ്മീഷൻ വറുപ്പിന്റെ അടിസ്ഥാനത്തിൽ പല ഫാക്ടറികളിലും ജോലി ചെയ്യുന്നു. അവിടേയും ഈ തൊഴിലാളികൾ ചെന്ന് ജോലി ചെയ്യുമ്പോൾ അവർക്ക് യാതൊരു ആനുകൂല്യവും കിട്ടുന്നില്ല. നിർഭാഗ്യവശാൽ പുതിയ ഫാക്ടറികൾ ഇന്ന് വന്നുകൊണ്ടിരിക്കുകയാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലഘട്ടത്തിലാണെങ്കിലും, യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലഘട്ടത്തിലാണെങ്കിലും പുതിയ ഫാക്ടറികൾക്ക് അനുമതി കൊടുത്തുകൊണ്ടിരിക്കുകയാണ്. ഈ പ്രവണത വർദ്ധിച്ചു കൊണ്ടിരിക്കുന്നു. അത് നിയമപരമായി എങ്ങനെ നേരിടാൻ സാധിക്കും

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ള നിയമ പരിജ്ഞാനമൊന്നും എനിക്കില്ല. പക്ഷെ ഗവൺമെന്റ് വളരെ ഗൗരവത്തോടുകൂടി ഈ വിഷയം കണ്ടില്ലെങ്കിൽ ഈ നീതി നിഷേധം ഒരു കാലഘട്ടത്തിൽ ഞാൻ പ്രതിനിധാനം ചെയ്യുന്ന രാഷ്ട്രീയ പ്രസ്ഥാനത്തിലെ നേതാക്കൻമാരടക്കം എൻ. ശ്രീകണ്ഠൻ നായർ, ടി. കെ. ദിവാകരൻ, ആർ. എച്ച്. ഉണ്ണിയടക്കമുള്ള തൊഴിലാളി നേതാക്കൻമാർ ചെയ്ത കഠിനാധ്വാനം മുഴുവൻ വെറുതെ ആകുന്ന സ്ഥിതിയിലേക്ക് പോകുകയാണ്. ഈ ബില്ലിൽ ഇപ്പോൾ പറയുന്നത് തൊഴിലാളികൾ അടച്ചിരുന്ന 50 പൈസ കൂലി ഒരുരൂപയാക്കി കൂട്ടണമെന്നാണ്, അവരുടെ വിഹിതം ഒരു രൂപയാക്കി വർദ്ധിപ്പിക്കണമെന്നാണ്. എങ്കാൽ മുൻകാലങ്ങളിൽ ഉണ്ടായിരുന്നത് തൊഴിലാളി ഒരു രൂപ അടയ്ക്കുകയാണെങ്കിൽ മുതലാളിമാരും ഗവൺമെന്റും അതിന്റെ ഇരട്ടി അടയ്ക്കണമെന്നുള്ളതാണ്. നിർഭാഗ്യവശാൽ ഇന്ന് ഇത് വന്നേക്കുന്നത് തൊഴിലാളികളുടെ വിഹിതം മാത്രം 50 പൈസ എന്നുള്ളത് ഒരു രൂപയാക്കി വർദ്ധിപ്പിച്ചു. മുതലാളിമാരുടെ വിഹിതം ഒരു രൂപ. അങ്ങനെ 3 രൂപയാണ് കിട്ടുന്നത്. പ്രതിവർഷം നൂറു ദിവസം പണിയുണ്ടെങ്കിൽപ്പോലും ഒരു തൊഴിലാളിയുടെ പേരിൽ 300 രൂപ മാത്രമാണ് ക്ഷേമനിധിയിലേക്ക് അടയ്ക്കപ്പെടുന്നത്. അങ്ങനെ 10 വർഷം ജോലി ചെയ്തുകഴിഞ്ഞാൽപ്പോലും മൂവായിരം രൂപയാണ് ഒരു തൊഴിലാളിയുടെ പേരിൽ ആകെ അടയ്ക്കപ്പെടുന്നത്. അതുകൊണ്ട് നിർബന്ധമായിട്ടും ഗവൺമെന്റ് മുൻകൈ എടുത്ത് തൊഴിലാളികളുടെ വിഹിതം വർദ്ധിപ്പിച്ച ആനുപാതികമായിത്തന്നെ മുൻകാലത്തെ ആ റേഷ്യോ നിലനിർത്തിക്കൊണ്ട് മുതലാളിമാരുടേയും ഗവൺമെന്റിന്റേയും വിഹിതം അതേ റേഷ്യോയിൽ നിലനിർത്തണം. അത് ഇല്ലെങ്കിൽ ഈ ക്ഷേമ പ്രവർത്തനങ്ങൾ അസാധ്യമായിത്തീരും. ജീവിച്ചിരിക്കുന്ന എല്ലാ കശുവണ്ടിത്തൊഴിലാളികൾക്കും ആനുകൂല്യം കൊടുക്കണമെന്നു പറഞ്ഞു. അതിന്റെ അടിസ്ഥാനത്തിൽ 1990-91 മുതൽ 2001-2002 വരെയുള്ള കാലയളവിൽ സർക്കാരിൽനിന്ന് കശുവണ്ടി ക്ഷേമനിധി കോർപ്പറേഷന് ലഭിക്കേണ്ട അംശദായ കുടിശ്ശിക അഞ്ചു കോടി നാൽപ്പത്തിയേഴ് ലക്ഷത്തി എഴുപത്തിരണ്ടായിരം രൂപയാണ്. 1988-ന് മുൻപ് വിരമിച്ച തൊഴിലാളികൾക്ക് പെൻഷൻ നൽകിയ വകയിൽ ബോർഡ് ഫണ്ടിൽ നിന്ന് ചെലവഴിച്ചത് രണ്ട് കോടി നാൽപ്പത്തിയൊൻപത് ലക്ഷം രൂപയാണ്. മേൽ വിഭാഗത്തിന് 2001 മുതൽ 2003 മാർച്ച് വരെ പെൻഷൻ കുടിശ്ശിക നൽകുന്നത് അവരുടെ കൈയിൽ നിന്ന് അംശദായം പിടിക്കാനില്ലാതെ ഗവൺമെന്റ് തീരുമാന പ്രകാരം കൊടുക്കുന്നതാണ്. അങ്ങനെ കൊടുക്കുന്നതിനാവശ്യമായിട്ടുള്ള തുക രണ്ട് കോടി എഴുപതുലക്ഷത്തി അറുപത്തൊൻപതിനായിരമാണ്. ഈ പദ്ധതി പ്രകാരം ഈ വർഷത്തേക്കാവശ്യമായ തുക ഒരു കോടി തൊണ്ണൂറ്റിയൊന്നു ലക്ഷം രൂപയാണ്. പതിനഞ്ചു കോടി അറുപതു ലക്ഷം രൂപ ഇപ്പോൾ ഗവൺമെന്റിൽ നിന്ന് കശുവണ്ടി ക്ഷേമനിധി ബോർഡിന് കിട്ടണം. ആ സാഹചര്യത്തിൽ നാം നിയമം ഭേദഗതി ചെയ്തുകൊണ്ട് തൊഴിലാളികളെ മാത്രം പീഡിപ്പിക്കുന്ന ഒരു സാഹചര്യം മാറ്റണം. ഈ കാലയളവിൽ ബോർഡിനെ സംബന്ധിച്ചിടത്തോളം അവർക്ക് പെൻഷൻ, സ്കോളർഷിപ്പ്, കാഷ് അവാർഡ്, പ്രസവാനുകൂല്യം, ശവസംസ്ക്കാര സഹായം അങ്ങനെ

അനേക ആനുകൂല്യങ്ങൾ കൊടുക്കുകയാണ്. ഇതൊക്കെ നിലവിലുള്ള രീതിയിൽ അപര്യാപ്തമാണ്. അത് പരിഹരിക്കുവാൻ ഗവൺമെന്റ് അടിയന്തര നടപടികൾ സ്വീകരിക്കണം. ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന വിഷയങ്ങൾ ആണെങ്കിൽപ്പോലും നിർഭാഗ്യവശാൽ തൊഴിലാളികളെ മാത്രം ചൂഷണം ചെയ്യുന്ന അല്ലെങ്കിൽ അവരുടെ മേൽ മാത്രം ഭാരം അടിച്ചേൽപ്പിക്കുന്ന രീതിയിലേക്ക് ഈ ബിൽ ചിത്രീകരിക്കപ്പെടുന്നു. അതുകൊണ്ടുതന്നെ അതിന് മാറ്റം ഉണ്ടാകണം. കശുവണ്ടി മേഖലയിൽ അനേകം പ്രശ്നങ്ങൾ നിലനിൽക്കുകയാണ്. കമ്മീഷൻ വറുപ്പ് അവസാനിപ്പിക്കണമെന്ന് പറയുമ്പോൾ ഈ വ്യവസായങ്ങൾ നേരെ തമിഴ്നാട്ടിലേക്ക് പോകുമെന്നാണ് പറയുന്നത്. എല്ലായിടത്തും നിയമം കർശനമായി നടപ്പിലാക്കുന്ന സാഹചര്യം ഉണ്ടെങ്കിൽ ഇത് ഉണ്ടാകുകയില്ല. വളരെ കർശനമായി കശുവണ്ടി വികസന കോർപ്പറേഷൻ ലാഭത്തിൽ, ഇപ്പോൾ പറയുന്നതുപോലെ ഇടതുപക്ഷവും എല്ലാവരും സമരം ചെയ്തു, കുറേ കാശ് അങ്ങോട്ട് ഇടുകയാണ്. അത് വെറുതെ വെള്ളത്തിൽ പോകും എന്നുള്ളതല്ലാതെ അതുകൊണ്ട് ഒരു പ്രയോജനവുമില്ല. കശുവണ്ടി കോർപ്പറേഷൻ അത് വറുക്കുകയാണെങ്കിൽ ഒരു ചാക്കിന് 1200 മുതൽ 1250 രൂപവരെ ചെലവാകും. ആ സമയത്താണ് കമ്മീഷൻ വറുപ്പിനായി 600 രൂപ ചെലവാക്കുന്നത്. വ്യവസ്ഥാപിതമായി നടക്കുന്ന ഫാക്ടറികൾ നടത്തുകയാണെങ്കിൽ 900 രൂപയാകും. അതുകൊണ്ട് ഫാക്ടറികൾക്കും ഇപ്പോൾ നല്ല സൗകര്യമാണ്. ഞങ്ങൾ നടത്തുന്നില്ല. ഇവിടെയാണ് കശുവണ്ടി കോർപ്പറേഷനെ നമ്മൾ പുനരുജ്ജീവിപ്പിക്കാൻ പോകുന്നത്. അങ്ങനെ കോടിക്കണക്കിന് രൂപ മുങ്ങാൻ പോകുകയാണ്. എന്നാൽ ഇത് തൊഴിലാളികളുടെ പേരിൽ സമരം ചെയ്യുമ്പോൾ 10 കോടി രൂപ ഇതിനകം അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് ആയി കൊടുത്തതിൽ മൂന്നരയോ നാലോ കോടി രൂപ അവരുടെ ശമ്പളമായി കൊടുത്തുകഴിഞ്ഞു. അത്രയും ഉദ്യോഗസ്ഥൻമാർക്ക് പല ഡിപ്പാർട്ടുമെന്റിൽ നിന്നും ഡെപ്യൂട്ടേഷനിലും അല്ലെങ്കിൽ ഫാക്ടറി പൂട്ടിക്കിടന്ന സാഹചര്യത്തിലും ശമ്പളം കൊടുത്തു കൊണ്ടിരിക്കുകയാണ്. അതിനുവേണ്ടി നല്ല പങ്ക് പോകുകയാണ്. അതുകൊണ്ട് ഇതിനി ലാഭകരമാക്കണം. അതിന് അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് കുറയ്ക്കുന്നതടക്കമുള്ള അടിയന്തര നടപടികൾ കൈക്കൊള്ളണം. അതോടൊപ്പം തന്നെ മുതലാളിമാരുടെ വിഹിതവും ഗവൺമെന്റിന്റെ വിഹിതവും വർദ്ധിപ്പിച്ചുകൊണ്ടുള്ള നടപടികൾ ഉണ്ടാകണമെന്നാണ് എനിക്ക് ഇതിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ</u> : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2001-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബില്ലിനെ ഞാൻ സന്തോഷപൂർവ്വം സ്വാഗതം ചെയ്യുകയാണ്. എന്നാൽ ഈ ബില്ലിലെ ചില വ്യവസ്ഥകൾ തൊഴിലാളികളുടെ ക്ഷേമപ്രവർത്തനങ്ങൾക്ക് സഹായകരമല്ലാത്തതിനാൽ ചില ഭേദഗതികൾ വരുത്തണമെന്ന് ഞാൻ നിർദ്ദേശിക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ

LIBRARY ARCHIVES Kerala Legislative Assembly

ഒരു കശുവണ്ടി തൊഴിലാളി പ്രതിദിനം 50 പൈസയാണ് ക്ഷേമനിധിയിലേക്ക് അടച്ചുകൊണ്ടിരുന്നതെങ്കിൽ ഇപ്പോൾ ഒരു രൂപ അടയ്ക്കണമെന്നുള്ള നിർദ്ദേശമാണ് ബില്ലിൽ വച്ചിട്ടുള്ളത്. കശുവണ്ടി തൊഴിലാളി ഒരു രൂപ അടയ്ക്കുമ്പോൾ തൊഴിലുടമകൾ ഒരു രൂപ അടയ്ക്കുന്നതിനുള്ള നിർദ്ദേശമുണ്ട്. അതുപോലെതന്നെ സർക്കാരിന്റെ വിഹിതം ഒരു രൂപയായിത്തന്നെ നിലനിൽക്കുകയാണ്. എനിക്ക് ഇവിടെ വയ്ക്കുവാനുള്ള ഭേദഗതി 50 പൈസയിൽ നിന്നും ഒരു രൂപ ആക്കുമ്പോൾ തൊഴിലുടമ ഒരു രൂപ തന്നെ അടയ്ക്കേണ്ടുന്ന രീതി നിലനിൽക്കുന്നു. എന്നാൽ സർക്കാരിന്റെ വിഹിതം വർദ്ധിപ്പിച്ചിട്ടുമില്ല. സർക്കാരിന്റെ വിഹിതം 2 രൂപയായി വർദ്ധിപ്പിക്കുകയും തൊഴിലുടമ ഒരു രൂപയിൽ നിന്ന് 2 രൂപയായി വർദ്ധിപ്പിക്കണമെന്നുമുള്ള നിർദ്ദേശമുണ്ട്. കേരളത്തിൽ ആകെ 661 കശുവണ്ടി ഫാക്ടറികളാണ് ഉള്ളത്. കേരളത്തിൽ രണ്ടരലക്ഷത്തോളം വരുന്ന കശുവണ്ടി തൊഴിലാളികളുണ്ട്. പണിയില്ലാത്തതുമൂലം ഈ മേഖലയിൽ വളരെയേറെ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ് ഇടതുപക്ഷ ജനാധിപത്യമുന്നണി ഭരിച്ചുകൊണ്ടിരുന്നപ്പോൾ ഒരു വർഷം ഒരു കശുവണ്ടി തൊഴിലാളിക്ക് 125 മുതൽ 225 വരെ തൊഴിൽദിനങ്ങൾ നൽകിയിരുന്നു, കഴിഞ്ഞ രണ്ടു വർഷക്കാലമായി കേരളത്തിലെ 30 കശുവണ്ടി വികസന ഫാക്ടറികളിൽ നിന്നും ഒരു കറുത്ത പുകപോലും ഉയരുന്നത് കണ്ടിട്ടില്ല. 2 മാസക്കാലമായി കേരളത്തിലെ 661 കശുവണ്ടി ഫാക്ടറികളുടെ മുന്നിലും ഇടതുപക്ഷ മുന്നണിയുടെ നേതൃത്വത്തിലും യു.ഡി.എഫ്.ന്റെ, കോൺഗ്രസിന്റെ രണ്ടു വിഭാഗങ്ങൾ തമ്മിലുമുള്ള സമരങ്ങൾ നടന്നിരുന്നു. ആ സമരത്തിൽ ഇടതുപക്ഷ ജനാധിപത്യമുന്നണിക്ക് ചില കാഴ്ചപ്പാടുകളും മുൻകരുതലുകളുമൊക്കെയുണ്ടായിരുന്നു. കേരളത്തിൽ പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന കശുവണ്ടി തൊഴിലാളികൾ ഏറ്റവും കൂടുതൽ ദാരിദ്ര്യ രേഖയ്ക്കു താഴെ നിൽക്കുന്നവരാണ്. അവരുടെ പുരോഗതിക്കും ക്ഷേമത്തിനും ഐശ്വര്യത്തിനും സങ്കീർണ്ണമായിട്ടുള്ള പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനുവേണ്ടി ഇടതു മുന്നണി ചില വ്യവസ്ഥകൾ, തൊഴിൽ സംവിധാനങ്ങളിൽ നിലനിർത്തിയിരുന്നു.

ശ്രീ. ടി. കെ. ദേവകുമാർ : ബഹുമാനപ്പെട്ട ഷിബു ഇവിടെ പ്രസംഗിച്ചപ്പോൾത്തന്നെ ഒരു കാര്യം ശ്രദ്ധയിൽപ്പെട്ടുകാണും. പക്കാ ഫാക്ടറികളിൽ പോലും ഇന്ന് യഥാർത്ഥത്തിൽ സേവന വേതന വ്യവസ്ഥകൾ കൊടുക്കുന്നില്ല. 50 പൈസ എന്നു നിശ്ചയിച്ചിരുന്നത് ഒരു പ്രത്യേക സാഹചര്യത്തിലായിരുന്നു. ഇന്നത്തെ കശുവണ്ടി വ്യവസായത്തിന്റെ സാഹചര്യത്തിൽ ഒരു രൂപയായി വർദ്ധിപ്പിച്ചാലും 50 പൈസ ആയിരുന്ന കാലത്ത് ഒരു തൊഴിലാളിക്ക് കിട്ടിയിരുന്ന ആനുകൂല്യം കിട്ടുകയില്ല എന്നതും ഇതു കിട്ടണമെങ്കിൽ തൊഴിലുടമ വിഹിതം വർദ്ധിപ്പിക്കുകയും അത് കൃത്യമായി നടപ്പിലാക്കാൻ തൊഴിൽ വകുപ്പ് ശ്രദ്ധിക്കുകയും ചെയ്യണമെന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോവൂർ കുഞ്ഞുമോൻ : തൊഴിൽ വകുപ്പ് കശുവണ്ടി രംഗവുമായി ഒരു ബന്ധവും പുലർത്തുന്നില്ല എന്നാണ് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. കഴിഞ്ഞ രണ്ട് വർഷക്കാലമായി കേരളത്തിലെ കശുവണ്ടി മേഖലയാകെ തകർന്ന് തരിപ്പണമായിരിക്കുന്നു. അത് കണ്ടില്ലായെന്ന് നടിക്കുവാൻ കഴിയുമ്മോ ? ഞാനൊക്കെ ആരാധിച്ചിരുന്ന ഞങ്ങളുടെയൊക്കെ പ്രിയങ്കരനായിരുന്ന നേതാവ്, ബഹുമാനപ്പെട്ട മന്ത്രിയുടെ പിതാവ് സഖാവ് ടി. കെ. ദിവാകരൻ കേരളത്തിലെ കശുവണ്ടി തൊഴിലാളികളെ സംഘടിപ്പിക്കുകയും അവരുടെ ക്ഷേമത്തിനുവേണ്ടി, അവരുടെ പുരോഗതിക്കുവേണ്ടി, അവരുടെ എല്ലാവിധമായിട്ടുള്ള ജീവിതാഭിലാഷങ്ങൾക്കും വേണ്ടി നേതൃത്വപരമായ പങ്ക് വഹിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പൊന്നോമന പുത്രനായ ശ്രീ. ബാബു ദിവാകരൻ മന്ത്രിയായതിനുശേഷം ഒരൊറ്റ കശുവണ്ടി തൊഴിലാളിയേയും കണ്ടില്ല എന്ന് നടിക്കുകയാണ് ചെയ്യുന്നത്. കശുവണ്ടി തൊഴിലാളി വന്നാൽ കുനിഞ്ഞുപോകുന്ന ഒരു സ്ഥിതിയിലേക്ക് തൊഴിൽ വകുപ്പ് മാറിയിരിക്കുന്നു. അതിന് ഒരു മാറ്റം വേണ്ടേ ? ഞങ്ങളോടൊപ്പം നിന്ന മന്ത്രിയായിരുന്നു. നല്ല ഒരു പ്രവർത്തകനായിരുന്നു. നിർഭാഗ്യവശാൽ അപ്പുറത്ത് പോയി എന്നുള്ളതാണ് സത്യം.

ശ്രീ. രാജു എബ്രഹാം : ബഹുമാനപ്പെട്ട മെമ്പർ ബൈബിളിലെ മുടിയനായ പുത്രന്റെ കഥ വായിച്ചിട്ടുണ്ടോ ?

ശ്രീ. കോവൂർ കുഞ്ഞുമോൻ : വളരെ ശരിയാണ്. പരിശുദ്ധ ബൈബിളിൽ ഇങ്ങനെയുള്ള പല സങ്കീർത്തനങ്ങളുമുണ്ട്. അതിന് ഒരു ഉദാഹരണമാണ് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പുമന്ത്രി.

മി. സ്പീക്കർ : ശ്രീ. രാജു എബ്രഹാം, അത് വായിക്കുന്നത് നല്ലതുതന്നെ.

ശ്രീ. കോവൂർ കുഞ്ഞുമോൻ : ഞാൻ ബില്ലിനെ ആസ്പദമാക്കിയുള്ള കാര്യങ്ങൾ മാത്രമേ സൂചിപ്പിക്കുന്നുള്ളൂ. തൊഴിലുടമയുടെ വിഹിതം ഒരു രൂപയായും സർക്കാരിന്റെ വിഹിതം ഒരു രൂപയുമായിട്ടാണ് ബില്ലിൽ പറഞ്ഞിട്ടുള്ളത്. തൊഴിലുടമയും തൊഴിലാളിയും നൽകുന്ന വിഹിതത്തിന്റെ ഇരട്ടിയായി അടയ്ക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. രണ്ട് രൂപയാക്കണം. അതാണ് എന്റെ പ്രധാനപ്പെട്ട നിർദ്ദേശം.

ശ്രീ. കെ. പി. രാജേന്ദ്രൻ : ഈ നിയമസഭയിൽത്തന്നെ ഇതിന് സമാനമായിട്ടുള്ള കയർ തൊഴിലാളികളെ സംബന്ധിക്കുന്ന ഭേദഗതി ബിൽ ക്ഷേമനിധിയുമായി ബന്ധപ്പെട്ട് 10-ാം കേരള നിയമസഭയിൽ സഖാവ് സുശീലാ ഗോപാലൻ കൊണ്ടുവന്നു. തൊഴിലാളികളുടെ വിഹിതത്തിന്റെ ഇരട്ടി സംഖ്യ കോൺട്രിബ്യൂഷൻ ആയി, അംശദായമായി ഗവൺമെന്റ് അടയ്ക്കണമെന്ന വളരെ നല്ല നിയമഭേദഗതി ഈ സഭ പാസ്സാക്കിയിട്ടുണ്ട്. അത് ശ്രീ. കുഞ്ഞുമോന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കോവൂർ കുഞ്ഞുമോൻ : കേരളത്തിലെ 5 ലക്ഷത്തോളം വരുന്ന തൊഴിലാളികൾ പണിയെടുക്കുന്ന കയർ മേഖല ഇന്ന് വളരെ പ്രതിസന്ധി നേരിട്ടുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ 71 ലക്ഷത്തോളം വരുന്ന

പരമ്പരാഗത മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളെല്ലാം ഇന്ന് വലിയ പ്രതിസന്ധിയിൽ നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഈ ക്ഷേമനിധി ബോർഡിൽ സർക്കാർ അടയ്ക്കുവാനുള്ളത് 15,60,81,522 രൂപയാണ്. വ്യാപകമായ തൊഴിൽ നിഷേധമാണ് ഇന്ന് കേരളത്തിലെ കശുവണ്ടി മേഖലയിൽ നടക്കുന്നത്. അത് അവസാനിപ്പിക്കണം.

ശ്രീ. ഷിബു ബേബി ജോൺ : ബഹുമാനപ്പെട്ട കുഞ്ഞുമോൻ കശുവണ്ടി തൊഴിലാളി ബോർഡിന്റെ സ്ഥിതിയെക്കുറിച്ചും ഗവൺമെന്റ് കൊടുക്കേണ്ട കാശിനെക്കുറിച്ചും സൂചിപ്പിച്ചു. ഇതിനു കാരണമായി പറഞ്ഞത് 1988-നു ശേഷം ഇടതുപക്ഷ ജനാധിപത്യമുന്നണി, ജീവിച്ചിരിക്കുന്ന എല്ലാ തൊഴിലാളികൾക്കും പെൻഷൻ കൊടുക്കണമെന്ന് പറഞ്ഞപ്പോൾ കടത്തിണ്ണയിൽ നിന്നവർപോലും ഈ ആനുകൂല്യം കിട്ടാൻ വേണ്ടി ഈ റോളിൽ ചേർത്തതുകൊണ്ടല്ലേ ക്ഷേമനിധി ബോർഡ് ഇന്ന് ഈ ബാദ്ധ്യതയിലേക്ക് പോകാനുള്ള പ്രധാനകാരണം. അക്കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കോവൂർ കുഞ്ഞുമോൻ : ഞാനത് വിശ്വസിക്കുന്നില്ല. എന്റെ പ്രിയപ്പെട്ട ലീഡർ കൂടിയായ ശ്രീ. എ. എ. അസീസ്സ് കശുവണ്ടി ക്ഷേമനിധിയുടെ ചെയർമാനായിട്ടിരിക്കുമ്പോൾതന്നെ തൊഴിൽ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. വി. പി. രാമകൃഷ്ണപിള്ള ഉൾപ്പെടുന്ന ക്യാബിനറ്റ് ചില തീരുമാനങ്ങൾ എടുക്കുകയുണ്ടായി. കശുവണ്ടി തൊഴിലാളികൾക്ക് നിരവധി ക്ഷേമനിധി പ്രവർത്തനങ്ങൾ നടത്തുവാനുള്ള ബാദ്ധ്യത ഉള്ള ഒരു ഗവൺമെന്റായിരുന്നു ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ്. ഇവിടെ തൊഴിൽ മേഖലയിൽ ഇപ്പോൾ കണ്ടുവരുന്നത് തൊഴിൽ നിഷേധമാണ്. നിയമപരമായ കാര്യങ്ങളിലേക്കല്ല ഈ വ്യവസായ സ്ഥാപനങ്ങൾ നീങ്ങുന്നത്. 80 കിലോയുള്ള ഒരു ചാക്ക് തോട്ടണ്ടി വറുത്താൽ തൊഴിലാളികൾക്ക് അർഹതപ്പെട്ട വിഹിതം കിട്ടിയിരുന്നു. ഇപ്പോൾ തമിഴ്നാട്ടിൽ നിന്ന് കുറെ മുതലാളിമാർ അയൽ സംസ്ഥാനത്ത് വമ്പിച്ച ലാഭം കൊയ്യുവാൻവേണ്ടി എത്തിയിരിക്കുന്നു. രാജ് കുമാർ എന്നു പറയുന്ന ഒരു മുതലാളി തമിഴ്നാട്ടിൽ നിന്ന് കേരളത്തിലേക്ക് വന്നു. കേരളത്തിലെ രണ്ടര ലക്ഷത്തോളം വരുന്ന കശുവണ്ടി തൊഴിലാളികളുടെ കണ്ണിൽ പൊടിവാരി ഇട്ടുകൊണ്ട് അവരുടെ സകല ശക്തിയും ഊർജ്ജവും സമാഹരിച്ചുകൊണ്ട് ഇവരെ നിഷേധിക്കുന്ന തരത്തിലേക്കുള്ള തൊഴിൽ നിഷേധമാണ് നടക്കുന്നത്. കശുവണ്ടി തൊഴിലാളികൾക്ക് കിട്ടുന്ന ലാഭ വിഹിതം ഇന്ന് ലഭ്യമല്ലാതായിരിക്കുന്നു. ക്ഷേമനിധി പെൻഷൻ കൊടുത്തിട്ട് 11 മാസമായി. ഒരു കശുവണ്ടി തൊഴിലാളി പിരിഞ്ഞുപോയാൽ കിട്ടുന്ന 125 രൂപപോലും കൊടുക്കുവാൻ ഇന്നുവരെ കഴിയുന്നില്ല. പ്രസവാനുകൂല്യംപോലും കൊടുക്കുന്നില്ല. വിവാഹധനസഹായം കൊടുക്കുന്നില്ല. പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് എസ്.എസ്.എൽ.സി.ക്ക് 285 മാർക്ക് വേണ്ട. എന്നാൽ ജനറൽ വിഭാഗങ്ങൾക്ക് 285 മാർക്കുണ്ടെങ്കിലും വിദ്യാഭ്യാസാനുകൂല്യം ലഭിക്കുവാൻ ഇതിൽ വ്യവസ്ഥയുണ്ട്. തൊഴിലാളിയും മുതലാളിയും ഗവൺമെന്റ് ഉദ്യോഗസ്ഥരും ഒരു മേശക്ക് ചുറ്റുമിരിന്ന് എടുത്തിട്ടുള്ള തീരുമാനങ്ങളാണ്. ആ തീരുമാനങ്ങൾ ഇവിടെ ലഘൂകരിച്ചുകൊണ്ടാണ്

LIBRARY ARCHIVES Kerala Legislative Assembly

ഇപ്പോൾ ബോർഡ് പ്രവർത്തിക്കുന്നത്. അതുപോലെ ഇ.എസ്.ഐ. തുടങ്ങിയ ആനുകൂല്യങ്ങളൊന്നും കിട്ടുന്നില്ല. കഴിഞ്ഞ രണ്ടുമാസക്കാലമായി കേരള സംസ്ഥാനത്ത് കശുവണ്ടിത്തൊഴിലാളികൾ നടത്തുന്ന സഹനസമരം, ഗാന്ധിജി തുടങ്ങിവച്ച ആ സമരമാണ് ഞങ്ങൾ ഇപ്പോൾ നടത്തുന്നത്. നിരാഹാര സത്യാഗ്രഹമാണ്. ആ സമരം കണ്ടില്ലെന്ന് നടിക്കുവാൻ പ്രിയപ്പെട്ട മന്ത്രിക്ക് കഴിയില്ല. ഗവൺമെന്റ് ഈ കശുവണ്ടി സമരത്തിൽനിന്ന് ഒളിച്ചോട്ടം നടത്തുകയാണ്. അതല്ലേ ഇവിടെ നടക്കുന്നത്? എന്തുകൊണ്ടാണ് കശുവണ്ടി സമരം ഒത്തുതീർപ്പാക്കാത്തത്? ആരെയാണ് ഇവർ പേടിക്കുന്നത്? പാവപ്പെട്ട കശുവണ്ടിത്തൊഴിലാളികൾ അവരുടെ ചോരയും നീരും വിയർപ്പാക്കി നേടിയെടുത്ത എല്ലാ സ്വാതന്ത്ര്യവും അവകാശങ്ങളും ഇന്ന് നിഷേധിക്കുകയാണ്. അതിന് പരിഹാരമുണ്ടാകണം. സർക്കാർ നല്കേണ്ട വിഹിതം ഇരട്ടിയാക്കണം. ഈ ബില്ലിൽ തൊഴിലാളികൾക്ക് മാത്രമാണ് വിഹിതം വർദ്ധിപ്പിച്ചിട്ടുള്ളത്. 50 പൈസ എന്നത് ഒരു രൂപയാക്കി. അത് ഞങ്ങൾ അംഗീകരിക്കുന്നു. എന്നാൽ തൊഴിൽ ഉടമയുടെ വിഹിതം ഒരു രൂപയിൽ മാത്രമാണ് നിൽക്കുന്നത്. ഗവൺമെന്റ് അത് രണ്ട് രൂപയാക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ പറയുവാനുള്ളത്.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, ഈ ബില്ലുമായി ബന്ധപ്പെട്ട് കശുവണ്ടി രംഗത്ത് നിലനിൽക്കുന്ന സ്ഥിതിയെക്കുറിച്ച് ഇവിടെ പ്രതിപാദിക്കുകയുണ്ടായി. കശുവണ്ടി രംഗത്ത് ബുദ്ധിമുട്ടുകളും പ്രയാസങ്ങളും നിലനിൽക്കുന്നത് എല്ലാപേരും സമ്മതിക്കുന്ന ഒരുകാര്യം തന്നെയാണ്. ഈ വ്യവസായംതന്നെ ഇന്ന് പ്രതിസന്ധിയിലാണ്. തൊഴിലാളികളുടെ ആനുകൂല്യങ്ങൾ നിലനിർത്തുന്നതിനുവേണ്ടി പോരിടേണ്ടി വരുന്നുണ്ട്. ശക്തമായി സമരരംഗത്ത് നില്ക്കേണ്ടിവരുന്നുണ്ട്. തൊഴിൽ വകുപ്പുമന്ത്രി എന്ന നിലയിൽ ഒരിക്കലും ആ സമരത്തെ തള്ളിപറഞ്ഞിട്ടില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : അങ്ങ് അവിടെപ്പോയി കാണുന്നില്ല.

ശ്രീ. ബാബു ദിവാകരൻ : ഞാൻ ആവശ്യത്തിന് എല്ലായിടത്തും പോകുന്നുണ്ട്. പക്ഷേ നിങ്ങൾ എന്നെ തടയാൻ ശ്രമിക്കുന്നു. അതിന് ഞാൻ ഇതുവരെ ഇടകൊടുത്തിട്ടില്ല എന്നത് ശരിയാണ്. പോകേണ്ട എല്ലാ സ്ഥലത്തും ഞാൻ പോകുന്നുണ്ട്. എന്നെ തടയാൻ പരമാവധി ശ്രമിക്കുന്നുണ്ട്. അതിലൊന്നും എനിക്ക് കുഴപ്പമില്ല. കശുവണ്ടിത്തൊഴിലാളികളുടെ സമരത്തെ സംബന്ധിച്ച് നല്ലതുപോലെ അറിയാവുന്ന ആളാണ് ഞാൻ. ഞാനും ഏഴെട്ട് ദിവസം സെക്രട്ടേറിയറ്റ് പടിക്കൽ കശുവണ്ടിത്തൊഴിലാളികൾക്കുവേണ്ടി നിരാഹാരം കിടന്നിട്ടുണ്ട്. ഇപ്പോഴും ഞാൻ ആ സമരത്തെ തള്ളിപ്പറഞ്ഞിട്ടില്ല. സമരം നടത്തുന്നത് എന്തിനാണ് ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ : ഇപ്പോൾ സമരം ചെയ്യുന്ന കശുവണ്ടിത്തൊഴിലാളികളോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് ഒരു ദിവസം അങ്ങ് നിരാഹാരം കിടക്കുമോ ? .

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ : കശുവണ്ടിത്തൊഴിലാളികളുടെ പ്രശ്നം പരിഹരിക്കുന്നതിന് അവരോടൊപ്പം ഇപ്പോഴും നിൽക്കുന്ന ഒരാളാണ് ഞാൻ. ആ രംഗത്തുള്ള നേതാക്കന്മാർക്കൊക്കെ അറിയാം. ഞാൻ മന്ത്രിയായിരിക്കുമ്പോൾ അവിടെപ്പോയി നിരാഹാരം കിടക്കേണ്ട ആവശ്യമില്ല. നിരാഹാരം കിടക്കാതെ എനിക്ക് ഇവിടെയിരുന്ന് പരിഹരിക്കുവാൻ കഴിയുമെന്ന് ഇതുവരെയുള്ള പ്രവർത്തനങ്ങൾ തെളിയിച്ചിട്ടുണ്ട് എന്നാണ് എന്റെ വിശ്വാസം.

ശ്രീ കെ. പി. രാജേന്ദ്രൻ : ബഹുമാനപ്പെട്ട മന്ത്രി കശുവണ്ടിത്തൊഴിലാളികളുടെ കാര്യം ഇത്ര വ്യക്തമായി പറയുന്നതുകൊണ്ട് ചോദിക്കുകയാണ്, ആ സമരം തീർക്കുവാൻ ആത്മാർത്ഥമായ താല്പര്യമുണ്ടെങ്കിൽ നാളെ വ്യവസായ വകുപ്പുമന്ത്രി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി വിളിച്ചുകൂട്ടുന്ന ട്രേഡ് യൂണിയൻ സംഘടനകളുടെ യോഗത്തിൽ പങ്കെടുത്ത് ആ സമരം അവസാനിപ്പിക്കുവാനും കമ്പനികൾ തുറന്നു പ്രവർത്തിപ്പിക്കുവാനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? അക്കാര്യം സഭയിൽ പറയാമോ ?

ശ്രീ. ബാബു ദിവാകരൻ : ഞാൻ മുൻകയ്യെടുത്താണ് നാളത്തെ യോഗം വിളിച്ചിട്ടുള്ളത്. ഞാൻ പങ്കെടുക്കുകയും ചെയ്യും. ഞാനും പങ്കെടുക്കുന്നുണ്ടെന്ന് അറിയിപ്പിൽ പറഞ്ഞിട്ടുണ്ടെന്നാണ് എന്റെ വിശ്വാസം. കഴിഞ്ഞ രണ്ടുവർഷമായി കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ നിർത്തിവച്ചിരിക്കുകയാണ്. അതാണ് ഈ സമരത്തിന് പ്രധാനമായും ഇടയായത്. മറ്റൊന്ന് തൊഴിൽ നിഷേധം നടക്കുന്നു. ഞാൻ അതിലേക്ക് വരാം. കോർപ്പറേഷന്റെ ഫാക്ടറികളുടെ പ്രവർത്തനം നിർത്തിവയ്ക്കുന്നതിന് ഇടയായ സാഹചര്യം സംബന്ധിച്ച് ഞാൻ ആരെയും കുറ്റപ്പെടുത്തുന്നില്ല. കഴിഞ്ഞ ഇരുപത് വർഷക്കാലത്തെ കോർപ്പറേഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച് പുനരാലോചന ആവശ്യമാണ്. കശുവണ്ടി മേഖല പൊതുമേഖലയിൽ നിലനിൽക്കേണ്ടത് ആ മേഖലയിൽ പ്രവർത്തിയെടുക്കുന്ന രണ്ട് ലക്ഷത്തോളംവരുന്ന കശുവണ്ടിത്തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഒഴിച്ചുകൂടാൻ കഴിയാത്ത ഒരു സംഗതിയാണ്. പൊതുമേഖലയിൽ നിലനിൽക്കണം. 15 കോടി, 20 കോടി, 25 കോടി, 30 കോടി ഇങ്ങനെ ഓരോ വർഷവും സർക്കാർ ഖജനാവിൽനിന്ന് പണം കൊടുത്തുകൊണ്ട് എത്രകാലം ഒരു പൊതുമേഖലയെ നിലനിർത്താൻ കഴിയും? ഈ ബില്ലിന്റെ ചർച്ചാവേളയിൽ പറഞ്ഞു.

മി. സ്പീക്കർ : ഇത്രയുംകാലം ഈ തൊഴിലാളികൾക്ക് കൊടുത്ത വേതനത്തെക്കാൾ നഷ്ടം ഉണ്ടെന്ന് പറഞ്ഞത് ശരിയാണോ ?

ശ്രീ. ബാബു ദിവാകരൻ : തൊഴിലാളികൾക്ക് കൊടുക്കുന്ന വേതനത്തെക്കാൾ എല്ലാ വർഷവും നഷ്ടമാണ്.

മി. സ്പീക്കർ : ഇപ്പോൾ ഇത് നടത്താൻ തൊഴിലാളികൾക്കുതന്നെ ആ പണം കൊടുത്താൽ ലാഭമാണല്ലോ ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ബാബു ദിവാകരൻ : ആ വ്യവസായത്തിന്റെ പ്രത്യേകതയാണ്. ഇത് ഊഹക്കച്ചവടം നിലനിൽക്കുന്ന ഒരു വ്യവസായമാണ്. അങ്ങേക്ക് അറിയാമല്ലോ. സർക്കാരിന് നേരിട്ട് നടത്താൻ കഴിയുന്ന ഒരു വ്യവസായമല്ല. മാവിലെയും ഉച്ചയ്ക്കും വൈകിട്ടുമൊക്കെ വില മാറിക്കൊണ്ടിരിക്കുന്നതാണ്. അണ്ടിപ്പരിപ്പിന്റെയും തോട്ടണ്ടിയുടെയും വില മാറും. ഓരോ ദിവസവും വിലയിൽ ഉണ്ടാകുന്ന ഫ്ളക്ച്ചുവേഷൻ അനുസരിച്ച് പരിപ്പ് വിൽക്കുകയും വാങ്ങുകയും അഡ്വാൻസ് നൽകുകയും ചെയ്യുന്ന വ്യവസായമാണ്. വളരെ സങ്കീർണ്ണമായ ധാരാളം സാഹചര്യങ്ങളുടെ നടുവിൽ നിന്നുകൊണ്ടുവേണം പ്രവർത്തിക്കുവാൻ. പത്തുപതിനെട്ട് വർഷങ്ങൾക്കുമുമ്പ് ലാഭമുണ്ടാക്കിയതൊഴിച്ചാൽ ഈ കോർപ്പറേഷന് ഒരു വർഷംപോലും അതിന് കഴിഞ്ഞിട്ടില്ല. ഇത്രയും വർഷത്തിനിടയിൽ രണ്ടുവർഷമാണ് ആകെ ലാഭമുണ്ടാക്കിയിട്ടുള്ളത്. അന്ന് ഇത്രയും വലിയ കോമ്പറ്റീഷൻ ഇല്ലാതിരുന്ന കാലഘട്ടത്തിൽനിന്ന് വ്യവസായ രംഗത്ത് ധാരാളം മാറ്റങ്ങൾ വന്നിട്ടുണ്ട്. മാത്രമല്ല ആഗോളതലത്തിൽ നടക്കുന്ന വ്യവസായമാണ്. അന്തർദേശീയ രംഗത്ത് വന്നിട്ടുള്ള മാറ്റങ്ങളൊക്കെ നമുക്ക് എതിരാണ്. ഇപ്പോൾ ആഗോളവൽക്കരിച്ചതിന്റെ ഫലമായി വിയറ്റ്നാമിൽ ഈ വ്യവസായം ഇന്ന് വലിയ തോതിൽ വന്നിരിക്കുകയാണ്. പണ്ട് വിയറ്റ്നാമിലുള്ള തോട്ടണ്ടി മുഴുവൻ പ്രോസസ്സ് ചെയ്തിരുന്നത് കേരളത്തിൽ കൊല്ലത്താണ്. ഇന്ന് കേരളത്തിൽ എക്സ്പോർട്ട് ചെയ്യുന്നത്രയും തോട്ടണ്ടി പ്രോസസ്സ് ചെയ്യാൻ കഴിയുന്ന പ്രോസസ്സിംഗ് യൂണിറ്റുകൾ വിയറ്റ്നാമിലും ചൈനയിലും ഒക്കെ വന്നുകഴിഞ്ഞു. എന്തിന് ബ്രസീൽപോലും ഇപ്പോൾ പ്രോസസിംഗിലേക്ക് പോയിരിക്കുന്നു. മുസാമ്പിയ പ്രോസസ്സിംഗിലേക്ക് പോകുന്നതിനെക്കുറിച്ച് വളരെ ഗൗരവമായി ആലോചിക്കുന്നു.

ഡോ. എ. നീലലോഹിതദാസൻ നാടാർ : കേരളത്തിലെ തൊഴിലാളികൾക്ക് ഈ കാര്യത്തിലുള്ള വൈദഗ്ദ്ധ്യം മറ്റുള്ള സ്ഥലങ്ങളിലെ തൊഴിലാളികൾക്കില്ല എന്നതാണ് പൊതുവായിട്ടുള്ളത്.

ശ്രീ. ബാബു ദിവാകരൻ : ബഹുമാനപ്പെട്ട നീലലോഹിതദാസൻ നാടാർ പറഞ്ഞത് ശരിയാണ്. ആ കാലഘട്ടം മാറി. വൈദഗ്ദ്ധ്യമുള്ള തൊഴിലാളികൾ ഇപ്പോൾ ഇതിന് ആവശ്യമില്ല. ഇപ്പോൾ എല്ലാം മെക്കനൈസ്ഡാണ്. പണ്ട് ഇതൊക്കെ കൈകൊണ്ട് തല്ലിപ്പൊളിച്ചിരുന്നു. അതിനകത്ത് knife mark വരാൻ പാടില്ലായെന്നുള്ളതായിരുന്നു. കത്തിയുടെ മാർക്ക് വരാത്തതിനാണ് കൂടുതൽ വില കിട്ടിയിരുന്നത്. ഇന്ന് അതൊക്കെപ്പോയി. ഇപ്പോൾ എല്ലായിടത്തും മെക്കനൈസ്ഡ് പ്രോസസ്സിംഗാണ്. മെക്കനൈസ്ഡ് പ്രോസസ്സിംഗ് കൊല്ലത്തു ചെയ്യുന്നതും വിയറ്റ്നാമിൽ ചെയ്യുന്നതും ഒരുപോലെയാണ്. ഇതിന്റെ ഉപയോഗത്തിൽത്തന്നെ മാറ്റം വന്നിട്ടുണ്ട്. പണ്ട് ഇത് ഹോൾസെയിലായിട്ട് ഏറ്റവും നല്ല കളറിൽ ഏറ്റവും നല്ല തോട്ടണ്ടി അമേരിക്കൻ റിച്ച് പ്യൂപ്പിളിന്റെ ഹയർ സ്റ്റാറ്റായുടെ ഡൈനിംഗ് ടേബിളിൽ ഏറ്റവും ഡിലീഷ്യസായ ഐറ്റമായിട്ടാണ് കണക്കാക്കിയിരുന്നത്. ഇപ്പോൾ അതുപോയി. അതിന്റെ മാർക്കറ്റ് കുറച്ചിട്ടുണ്ട്. ബാക്കിയെല്ലാം ഉപയോഗിക്കുന്നത് ബിസ്ക്കറ്റിനോ അതുപോലുള്ള മറ്റ് പ്രോഡക്ട്സിനോ ആണ്. ഇതെല്ലാം മെഷീനിലിട്ട്

അരയ്ക്കുകയാണ്. തൊഴിൽ ചെറുതായാലും വലുതായാലും ഇതിന് വ്യത്യാസമില്ല. ഹോൾസിന് തന്നെ ആയിരിക്കണമെന്നില്ല. ഹോൾസായിട്ടുള്ളതിന് ഒരു മിനിമം മാർക്കറ്റേയുള്ളൂ ; 30 ശതമാനമേയുള്ളൂ. ബാക്കി 70 ശതമാനവും ഇന്ന് മറ്റ് ഉപയോഗങ്ങൾക്കാണ്. കൺഫക്ഷനറി ഐറ്റമായിട്ടാണ് ഇത് ഉപയോഗിക്കുന്നത്. അതിനു ഹോൾസായിരിക്കണമെന്നില്ല.. വൈദഗ്ദ്ധ്യമായ പ്രോസസ്സിംഗ് ഇതിനുവേണ്ട. ഇപ്പോൾ ഇതെല്ലാം മെക്കനൈസ്ഡാണ്. പൊളിക്കുന്നതും വറുക്കുന്നതും മെക്കനൈസ്ഡാക്കി. പാക്കിംഗ് വരെ മെക്കനൈസ്ഡായിട്ടാണ് വിയറ്റ്നാമിൽ ചെയ്യുന്നത്.

ശ്രീ. എ. എ. അസീസ് : പരിപ്പ് പൊളിക്കുന്ന പീലിംഗ് സംവിധാനം ഇപ്പോഴും മെക്കനൈസ്ഡ് ഏർപ്പാട് കൊണ്ടുപറ്റില്ലായെന്നത് അറിയാമോ ?

ശ്രീ. ബാബു ദിവാകരൻ : അതിൽ പീലിംഗ് മാത്രമേയുള്ളൂ. പരിപ്പിൽ പറ്റിപ്പിടിച്ചിരിക്കുന്ന തൊലി ഇളക്കുന്ന സംവിധാനം മാത്രം മെക്കനൈസ്ഡായി ചെയ്യാൻ പറ്റില്ല. ഹോൾസ് വേണ്ട സ്ഥലത്തുമതി കൈയുടെ വൈദഗ്ദ്ധ്യം. മെക്കനൈസ് ചെയ്തുവരുന്നത് നമുക്ക് ദോഷമാണ്. ഈ വൈദഗ്ദ്ധ്യമുള്ള പ്രോസസ്സിംഗ് പോയിക്കഴിഞ്ഞാൽ ഇത് എവിടെയും പ്രോസസ്സ് ചെയ്യാം. ഇപ്പോൾ വിയറ്റ്നാം ചെയ്യുന്നത് അതാണ്. ഇതൊരു ത്രെട്ടായിട്ട് വന്നിട്ടുണ്ട്. എങ്കിലും ഞാൻ പറയുന്നു, ഇതൊക്കെയാണെങ്കിലും കൊല്ലത്തെ തോട്ടണ്ടിക്കുള്ള വില ഒരു മാർക്കറ്റിലും കിട്ടില്ല. അതാണ് നമ്മൾ ഇപ്പോഴും നിലനിർത്താൻ ശ്രമിക്കുന്നത്. എക്സ്പോർട്ടൊക്കെ ഓരോ വർഷവും കൂടുന്നുണ്ട്.

മി. സ്പീക്കർ : ഇന്ന് ഈ ബിൽ പാസ്സാക്കണം.. ഇന്നു കഴിഞ്ഞാൽ പിന്നെ 30-ാം തീയതിയെ നിയമനിർമ്മാണമുള്ളൂ. ഈ ബില്ലെങ്കിലും ഇന്ന് പാസ്സാക്കണം.

ശ്രീ. ബാബു ദിവാകരൻ : ചോദ്യങ്ങൾക്ക് മറുപടി പറയാതെ പോകുന്നത് ശരിയല്ല എന്നതുകൊണ്ടാണ്. അതുപോലെ പ്രോസസ്സിംഗിലെ ചെലവ്, ഇപ്പോൾ വന്നിട്ടുള്ള സ്ഥിതി, അണ്ടിപ്പരിപ്പിന്റെ വിലയിൽ ലോക മാർക്കറ്റിൽ വലിയ മാറ്റം വരുന്നില്ല. എങ്കിലും തോട്ടണ്ടിയുടെ വില വർദ്ധിക്കുന്നു. പ്രോസസ്സിംഗ് ചാർജ് വർദ്ധിക്കുന്നു. ആ വില അവിടെ സ്റ്റാറ്റിക്കായി നിൽക്കുന്നു. സ്റ്റാറ്റിക്കായി നിൽക്കുന്നത് മാത്രമല്ല, ഓരോ സീസൺ കഴിയുന്തോറും അല്പാല്പം കുറഞ്ഞുകൊണ്ടിരിക്കുന്നു. ഒരു വർഷത്തിനു മുമ്പുണ്ടായിരുന്ന വില ഇന്നില്ല. അതുമാത്രമല്ല ഫ്ളക്ച്ചുവേഷൻസ് വളരെ വേരിചെയ്യുന്ന ഒരു സ്ഥിതിയാണ് ഇപ്പോഴുള്ളത്. അതൊക്കെ കണ്ടുകൊണ്ട് മുതലാളിമാർ ഇതൊക്കെ അനുസരിച്ച് പ്രോസസ്സിംഗിൽ കൂടുതൽ ക്രമീകരണങ്ങൾ വരുത്തും.

ശ്രീ. എ. കെ. ബാലൻ : സർ, ബഹുമാനപ്പെട്ട മന്ത്രി കോർപ്പറേഷന്റെ പ്രവർത്തനം സംബന്ധിച്ച് തൊഴിലാളികൾക്ക് പണിയില്ലാതായി എന്നു പറഞ്ഞു. കോർപ്പറേഷൻ പ്രവർത്തിച്ച കാലഘട്ടത്തിൽ അംശദായം 15 രൂപയാണ്. കോർപ്പറേഷൻ പൂട്ടിയ സമയത്ത് തൊഴിലാളികൾക്ക് 30 രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

അതുകൊണ്ടാണ് ബഹുമാനപ്പെട്ട മെമ്പർമാർ പറഞ്ഞത്, ഈ പതിതസ്ഥിതിയിൽ അംശദായം വർദ്ധിപ്പിക്കുന്നുണ്ടെങ്കിൽ അതിന്റെ നേരെ ഇരട്ടിയായി നിലവിലുള്ളതുപോലെതന്നെ ഗവൺമെന്റിന്റെ കോൺട്രിബ്യൂഷൻ കൊടുക്കണം. അതിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി പറയണം.

ശ്രീ. ബാബു ദിവാകരൻ : ഞാൻ അതിലേയ്ക്ക് വരുന്നു. ഈ വ്യവസായം സത്യത്തിൽ സർക്കാർ സംവിധാനത്തിൽ പ്രവർത്തിക്കാൻ കഴിയുന്ന ഒന്നല്ല ഒരുപാട് ഘടകങ്ങൾ ഇതിനകത്തുണ്ട്. കോർപ്പറേഷനാണെങ്കിലും ഇതിന്റെ ബോർഡുകൂടി തോട്ടണ്ടിയുടെ വില തീരുമാനിച്ചു വരണമെങ്കിൽ മിനിമം 15 ദിവസം എടുക്കും. 15 ദിവസത്തിനകം വരുന്ന ചെറിയ ചെയിഞ്ചുപോലും വലിയ നഷ്ടവും ലാഭവുമുണ്ടാക്കും. ഇതെല്ലാം വളരെ സൂക്ഷിച്ച്, ദൈനംദിനം ഇതിന്റെ കാര്യങ്ങൾ മോണിറ്റർ ചെയ്ത്, അത്രയും വലിയൊരു കോംപീറ്റൻസോടുകൂടി മാത്രം ചെയ്താൽ നിലനിൽക്കുന്ന ഒരു വ്യവസായമാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഇതിലെ തൊഴിലാളികൾക്ക് കാശു കൊടുത്താൽ പോരേ എന്ന് ബഹുമാനപ്പെട്ട സ്പീക്കർ തന്നെ ചോദിച്ചു. ഈ കോർപ്പറേഷൻ ആദ്യം കശുവണ്ടി ഫാക്ടറി ആരംഭിച്ചതല്ലല്ലോ, കൊല്ലത്ത് കശുവണ്ടിത്തൊഴിലാളികൾക്ക് ഉടമകൾ പണി കൊടുക്കാതെ ഫാക്ടറി പൂട്ടി സ്ഥലം വിട്ടപ്പോൾ ആ തൊഴിലാളികളെ സംരക്ഷിക്കാൻവേണ്ടി അന്ന് സഖാവ് പി. കെ. വാസുദേവൻനായരുടെ കാലത്താണ് കോർപ്പറേഷൻ രൂപീകരിച്ചതും തൊഴിലാളികളെ സഹായിച്ചതും.

മി. സ്പീക്കർ : കോർപ്പറേഷൻ വന്നത് എന്നാണ് ?

ശ്രീ. ബാബു ദിവാകരൻ : കോർപ്പറേഷൻ വളരെ വർഷങ്ങളായി....

മി. സ്പീക്കർ : ശ്രീ. പി. കെ. വാസുദേവൻ നായർ മുഖ്യമന്ത്രിയായിരുന്നപ്പോൾ അല്ല, അതിനു മുമ്പേ ഉണ്ട്.

ശ്രീ. ബാബു ദിവാകരൻ : ശ്രീ. പി. കെ. വാസുദേവൻ നായർ 30 ഫാക്ടറികൾ ഏറ്റെടുത്തു.

ശ്രീ. കെ. പി. രാജേന്ദ്രൻ : ശ്രീ. പി. കെ. വാസുദേവൻ നായർ വ്യവസായ വകുപ്പുമന്ത്രി ആയിരിക്കുമ്പോഴാണ് മൊത്തമായിട്ട് എടുത്തത്.

മി. സ്പീക്കർ : അച്യുതമേനോന്റെ കാലത്ത് എടുത്തു. ഞാൻ തൊഴിൽ വകുപ്പുമന്ത്രി ആയിരുന്ന കാലത്താണ്.

ശ്രീ. ബാബു ദിവാകരൻ : കോർപ്പറേഷൻ ആരംഭിക്കുന്നത് അച്യുതമേനോൻ മുഖ്യമന്ത്രിയും ടി.വി. തോമസ് വ്യവസായ വകുപ്പുമന്ത്രിയുമായിരുന്ന കാലത്താണ്. പി. രവീന്ദ്രൻ വ്യവസായ വകുപ്പുമന്ത്രി ആയിരിക്കുമ്പോഴാണ് കൊട്ടിയത്തെ ഫാക്ടറി തുറന്നുകൊണ്ട് കോർപ്പറേഷന്റെ പ്രവർത്തനം തുടങ്ങുന്നത്. പൊതുമേഖല വേണം. എന്താണെന്നുവച്ചാൽ മുതലാളിമാർ fluctuation അനുസരിച്ച് തൊഴിലാളികൾക്ക് നിയമപരമായി ലഭിക്കേണ്ട ആനുകൂല്യം നിഷേധിക്കുന്നത് ഈ മേഖലയിൽ ഒരു സ്ഥിരം സംവിധാനമായിരുന്നു. ഒരു മോഡൽ എംപ്ലോയർ എന്നുള്ള നിലയിലാണ് പൊതുമേഖല വന്നത്.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലാളികൾക്ക് കൊടുക്കേണ്ട ആനുകൂല്യങ്ങൾ എന്തൊക്കെയാണ് ? അവർക്ക് അതിനെക്കുറിച്ച് അവബോധം സൃഷ്ടിക്കാൻ കഴിഞ്ഞത് കോർപ്പറേഷൻ വന്ന് പ്രവർത്തനം ആരംഭിച്ചപ്പോഴാണ്. കാലാകാലങ്ങളിലുള്ള അവരുടെ ഡി.എ. എത്രയാണ് ? കോർപ്പറേഷൻ നിലനിൽക്കണം, പൊതുമേഖല നിലനിൽക്കണം എന്നുള്ളതൊക്കെയുണ്ട്. പക്ഷേ പൊതുമേഖല നിലനിൽക്കുന്നത് ഇത്രയും ചെലവിലാകരുത് എന്നേയുള്ളൂ. സർക്കാരിന്റെ ബജനാവിൽ നിന്ന് ഓരോ വർഷവും 50 കോടി രൂപ മുടക്കി കൊടുക്കുന്നു എന്നുള്ളിടത്താണ് ബഹുമാനപ്പെട്ട സ്പീക്കറുടെ ചോദ്യം വരുന്നത്. കഴിഞ്ഞവർഷത്തെ കണക്ക് പരിശോധിച്ചാൽ തൊഴിലാളികൾക്കെല്ലാം കൂടി ശമ്പളം കൊടുത്തത് 28 കോടി രൂപയാണ്. ആ വർഷത്തെ നഷ്ടം 44 കോടി രൂപ. ഒരു വർഷത്തെ കണക്കാണ്. തോട്ടണ്ടി വാങ്ങിക്കുന്നതിൽ പ്രശ്നങ്ങളുണ്ട്. ഇതിനെല്ലാം ഉപരിയായി വേറൊരു കാര്യമുണ്ട്. ഈ കോർപ്പറേഷന്റെ പ്രവർത്തനങ്ങളെ തുരങ്കം വയ്ക്കാൻ ഇവിടത്തെ മുതലാളിമാർ എപ്പോഴും സംഘടിതമായി ശ്രമിച്ചുകൊണ്ടിരിക്കും. കാരണം, അവരുടെ കോംപറ്റിറ്റർ ഇതാണ്. കാഷ്യൂ കോർപ്പറേഷനാണ് കേരളത്തിലെ ഏറ്റവും വലിയ എക്സ്പോർട്ടർ. അവരാണ് മാർക്കറ്റിൽ വില തീരുമാനിക്കേണ്ടത്. അവരാണ് തോട്ടണ്ടിയുടെ വില തീരുമാനിക്കേണ്ടത്. Biggest employer അവരാണ്. അതുകൊണ്ട് മുതലാളിമാർക്ക് കോർപ്പറേഷൻ പ്രവർത്തിക്കുന്നത് എപ്പോഴും അസൗകര്യമാണ്. അതുകൊണ്ട് ഇവ പ്രവർത്തിക്കാതിരിക്കാനായി എന്തെല്ലാം ശ്രമങ്ങൾ നടത്താമോ അതെല്ലാം നടത്താൻ ശ്രമിക്കും. ഇങ്ങനെയുള്ള സങ്കീർണ്ണമായ പ്രശ്നങ്ങളുടെ നടുവിലാണ് ഈ വ്യവസായം മുമ്പോട്ടുപോയിട്ടുള്ളത്. ഈ വ്യവസായത്തിലെ പ്രതിസന്ധി ഇപ്പോൾ ഉണ്ടായിട്ടുള്ളതല്ല. വർഷങ്ങളായിട്ട് നിലനിൽക്കുന്ന പ്രതിസന്ധിയാണ്. ഓരോ വർഷം കഴിയുന്തോറും അതിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകും. ഈ സീസണിൽ വളരെ സങ്കീർണ്ണമായ പ്രശ്നങ്ങളുണ്ട്. ഒന്നാമത്തെ കാര്യം, പരിപ്പിന്റെ വില വളരെ കുറഞ്ഞിരിക്കുന്നു. ഈ സാഹചര്യത്തിൽ കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ മുമ്പോട്ടുകൊണ്ടുപോകാൻ ഈ രണ്ടു വർഷം കഴിഞ്ഞില്ല എന്ന കാര്യം സമ്മതിക്കുന്നു. 2001-ൽ പണി നിർത്തിവയ്ക്കുമ്പോൾ ബാങ്കിനുണ്ടായിരുന്ന കടം 80 കോടി രൂപയാണ്. ആ 80 കോടി രൂപയുടെ കടം തീർത്തുവെങ്കിൽ മാത്രമേ അടുത്ത വർഷം വർക്കിംഗിനുള്ള പണം ബാങ്കുകൾ തരുകയുള്ളൂ. ബാങ്കുകൾ തരണമെങ്കിൽ അവരുമായി നെഗോഷിയേറ്റ് ചെയ്യണം. കഴിഞ്ഞ വർഷം സീസണിൽ തുടങ്ങാൻ വേണ്ടി നെഗോഷിയേഷൻ നടത്തിനോക്കി. അവർ സമ്മതിച്ചില്ല. അവർ പറഞ്ഞത് 80 കോടി രൂപയിൽ 40 കോടി രൂപ ഗവൺമെന്റ് കൊടുത്താൽ അക്കൗണ്ട് ഓപ്പറേറ്റ് ചെയ്യാനുള്ള അനുമതി കൊടുക്കാമെന്നാണ്. പക്ഷേ 40 കോടി രൂപ സർക്കാരിന്റെ ഇന്നത്തെ സാമ്പത്തികനില വച്ച് ഒരുമിച്ചു കൊടുക്കാൻ കഴിഞ്ഞില്ല. ഈ സീസണിൽ എന്തു വില കൊടുത്തും തുടങ്ങണമെന്നുള്ള വാദത്തോടുകൂടി ബാങ്കുകളുമായി ചർച്ച ചെയ്തു. ബോർഡിന്റെ തീരുമാനം അവർക്കറിയാം. ഇപ്പോൾ സമരം ചെയ്യുന്ന യൂണിയനുകളുടെ പ്രതിനിധികൾകൂടി അടങ്ങുന്ന കോർപ്പറേഷന്റെ ബോർഡ്, ഈ വർഷം ഈ സീസണിൽ പ്രവർത്തനം ആരംഭിക്കണം, അതിനുവേണ്ടിയുള്ള നടപടികളുമായി മുമ്പോട്ടുപോകുന്നു എന്നുള്ളത് നല്ലപോലെ അറിയാം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ഷിബു ബേബി ജോൺ : സർ, കാഷ്യൂ ഡെവലപ്മെന്റ് കോർപ്പറേഷൻ ഒരു മോഡൽ എംപ്ലോയറായി നിലനിൽക്കേണ്ട ആവശ്യകത ഇവിടെ പറഞ്ഞു. ഒരു ചാക്ക് കശുവണ്ടി വറുക്കണമെങ്കിൽ 1200 രൂപയും കമ്മിഷൻ വറുപ്പ് 600 രൂപയും നൽകുമ്പോൾ ഇതൊരിക്കലും ലാഭകരമാകുകയില്ല. നാളെ ചർച്ചയുണ്ടെന്നു പറഞ്ഞു. പ്രത്യേകിച്ച് ഡിമാന്റൊന്നും ഇപ്പോഴുള്ള സമരക്കാർക്ക് ഇല്ലെങ്കിൽപ്പോലും ആ ചർച്ചയുടെ വെളിച്ചത്തിൽ കോർപ്പറേഷന്റെ ഭരണച്ചെലവ് കുറയ്ക്കാനുള്ള നടപടികൾ കൂടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണം.

ശ്രീ. ബാബു ദിവാകരൻ : അതിന്റെ വെളിച്ചത്തിൽ ഞങ്ങൾ കഴിഞ്ഞ ദിവസം കാപ്പെക്സിലെ 10 ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിച്ചു. ഓരോ വർഷം കഴിയുന്തോറും കോർപ്പറേഷന്റെ നഷ്ടം കൂടിക്കൂടി വരുമ്പോൾ ഇതെങ്ങനെ വയബിളായി നടത്താൻ പറ്റും, വലിയ ലാഭമുണ്ടാക്കിയില്ലെങ്കിലും വലിയ നഷ്ടം ഇല്ലാതെ എങ്ങനെ നടത്താൻ പറ്റും എന്നുള്ളതു സംബന്ധിച്ച് ഗൗരവതരമായി ഇതുമായി ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്തു. കാപ്പക്സിന്റെ പ്രവർത്തനം തുടങ്ങിയപ്പോൾ ഞങ്ങൾ എല്ലാ ട്രേഡ് യൂണിയൻ നേതാക്കൻമാരേയും വിളിച്ച് അവരുടെ മുന്നിൽ ഈ പ്രശ്നങ്ങൾ വച്ചു. ബഹുമാനപ്പെട്ട ഷിബു ബേബിജോൺ ചൂണ്ടിക്കാണിച്ച കാര്യങ്ങൾ പറഞ്ഞു. കോർപ്പറേഷൻ ഫാക്ടറികൾക്ക് ഒരു ചാക്ക് കശുവണ്ടി വറുക്കുന്നതിന് 1250 മുതൽ 1300 രൂപ വരെ ആകുന്നു. അതേ സമയം എല്ലാ ആനുകൂല്യങ്ങളും കൊടുത്തു നടത്തുന്ന ഒരു സ്വകാര്യ മുതലാളിക്ക് 900 രൂപ മുതൽ 1000 രൂപയ്ക്കു താഴെ മാത്രമേ ആകുന്നുള്ളു. ഒരു ചാക്കിന് 1000 രൂപ വച്ച് കോർപ്പറേഷൻ അനുവദിച്ചുകൊടുക്കാം, നിങ്ങൾ 1000 രൂപ വച്ച് ഈ ആനുകൂല്യങ്ങൾ കൊടുത്താൽ, റണ്ണിംഗ് എക്സ്പെൻസസ്, ശമ്പളം, ഓഫീസ് എക്സ്പെൻസസ് എന്നിവ നമ്മൾ എടുക്കാം, പ്രോസസ് ചെയ്യുന്നതിനു മാത്രം 1000 രൂപ വച്ച് ഒരു ചാക്ക് തോട്ടണ്ടിക്ക് കൊടുത്ത് ഇതു നടത്താൻ കഴിയുമോ എന്നുള്ള നിർദ്ദേശങ്ങൾ വച്ചതാണ്. കാപ്പക്സിന്റെ പ്രവർത്തനങ്ങളിൽ ഒരുപാട് ചെലവു ചുരുക്കുന്ന നടപടികൾ എടുത്തു. അതിൽ കുറേ കാര്യങ്ങളിൽ യൂണിയനുകൾ സഹകരിച്ചു. അങ്ങനെ കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. 1300 രൂപ എന്നുള്ളത് 1100 രൂപയായി കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. ഇപ്പോൾ കോർപ്പറേഷൻ തുറന്നു പ്രവർത്തിക്കുന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് തീരുമാനിച്ചു. ഓണത്തിനു മുമ്പ് തുറന്നു പ്രവർത്തിക്കുന്നതിനുള്ള ശക്തമായ നടപടികളുമായി മുമ്പോട്ടു പോകുകയാണ്. അവിടേയും ഈ പ്രശ്നമുണ്ട്. കോർപ്പറേഷൻ ഫാക്ടറികൾ നടത്തിക്കൊണ്ടുപോകുന്നതിന് ഒരു ചാക്കിന്റെ പുറത്തുണ്ടാകുന്ന ചെലവ് ചുരുക്കാൻ റീസണബിളായിട്ടുള്ള ഒരു എമൗണ്ട് ഫിക്സ് ചെയ്യാൻ കഴിഞ്ഞില്ലായെങ്കിൽ നമുക്ക് ഇനിയും മുമ്പോട്ടു നടത്തിക്കൊണ്ടുപോകാൻ കഴിയില്ല. അതിന് എല്ലാ ഭാഗത്തുനിന്നുമുള്ള സഹകരണം ഉണ്ടാകണം. ഇത് ഫലപ്രദമായ വലിയ ലാഭമൊന്നും ഉണ്ടാക്കുകയില്ലെങ്കിലും നഷ്ടമില്ലാതെ നടത്തിക്കൊണ്ടുപോകേണ്ടത് ആവശ്യമാണ് ? ട്രേഡ് യൂണിയനുകളുടേയും മറ്റ് എല്ലാവരുടേയും ആവശ്യം ഇത് നടത്തിക്കൊണ്ടുപോകണമെന്നു തന്നെയാണ്. ഈ മന്ത്രിസഭ വന്നശേഷം

ആ മേഖലയിൽ തൊഴിൽ പ്രശ്നങ്ങളൊന്നും കൈകാര്യം ചെയ്യുന്നില്ലായെന്ന് ബഹുമാനപ്പെട്ട കുഞ്ഞുമോൻ പറഞ്ഞു. പ്രതിപക്ഷത്തിരിക്കുമ്പോൾ അങ്ങനെയൊക്കെ മാത്രമേ പറയാൻ പറ്റുകയുള്ളു എന്ന് എനിക്ക് മനസ്സിലാകും. ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം 50 പൈസ എന്നുള്ളത് ഒരു രൂപയാക്കുന്ന കാര്യത്തെക്കുറിച്ച് പറഞ്ഞു. ഈ ബില്ലിന് രൂപം കൊടുത്തത്, ഇതിന്റെ എല്ലാ വശങ്ങളും ആലോചിച്ചശേഷമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്തുള്ളതാണ്. ശ്രീ. നായനാർ മുഖ്യമന്ത്രി ആയിരുന്ന കാലത്ത് ക്യാബിനറ്റ് അംഗീകരിച്ച ബിൽ അതേപടിയാണ് ഞാൻ ഇവിടെ കൊണ്ടുവന്നത്. ഞാൻ അതിൽ ഒരു ഭേദഗതിയും വരുത്തിയിട്ടില്ല. ഇത് മനഃപ്പൂർവ്വമല്ല. അവർ ഓർഡിനൻസാക്കിയതാണ്. ബാക്കിയുള്ള സമാനമായിട്ടുള്ള ബോർഡുകളിലെല്ലാം തൊഴിലാളികളുടെ വിഹിതവും തൊഴിലുടമകളുടെ വിഹിതവും തുല്യമാണ്. പക്ഷേ, ഈ ബിൽ കൊണ്ടുവന്നപ്പോൾ 50 പൈസ ഒരു രൂപയായി വച്ചിരുന്നു. അതിൽ പ്രത്യേകതയുണ്ട്. മറ്റുള്ള തൊഴിലാളിക്ഷേമ ബോർഡുകളിലെല്ലാം ആഴ്ചയിലുള്ള അല്ലെങ്കിൽ മാസത്തിലുള്ള ശമ്പളത്തിലാണ് വിഹിതം തീരുമാനിക്കുന്നത്. ഇത് ഒരു ദിവസം മാത്രമാണ്. കശുവണ്ടിത്തൊഴിലാളി ഒരു ദിവസം 50 പൈസയാണ് കൊടുക്കേണ്ടത്. ഇരുപതും ഇരുപത്തിയഞ്ചും ദിവസം പണിയെടുക്കുമ്പോൾ പന്ത്രണ്ടര രൂപ കൊടുക്കണം. അന്നത്തെ ക്ഷേമനിധികളിലൊന്നും, 10 രൂപയിൽക്കൂടുതൽ ഒരു ക്ഷേമനിധിയിലും കൊടുക്കുന്നില്ല. അന്നത്തെ പ്രത്യേക സാഹചര്യത്തിൽ 50 പൈസ വച്ച് തൊഴിലാളികൾക്ക് ഭാരമുണ്ടാകാൻ പാടില്ല, അതേ സമയം തൊഴിലുടമകൾ ഒരു രൂപ, തൊഴിലാളി 50 പൈസ എന്നു പറയുമ്പോൾ ഒരു തൊഴിലാളിക്ക് 50 പൈസയുടെ വ്യത്യാസമേ വരുന്നുള്ളു. പക്ഷേ ഒരു മുതലാളി അഞ്ഞൂറോ അറുനൂറോ ആയിരമോ തൊഴിലാളികളുള്ള ഒരു ഫാക്ടറിയിൽ 50 പൈസാ എന്നുള്ളത് ഒരു രൂപയാക്കിയാൽ, മുതലാളിയുടെ വിഹിതം ഒരു രൂപയിൽ നിന്ന് രണ്ട് രൂപയാക്കിയാൽ ആ മുതലാളി ഒരു ദിവസം ഒരു ഫാക്ടറിയിൽ 1000 രൂപ അധികം കൊടുക്കണം. അന്നിരുന്ന കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡിലെ തൊഴിലാളി പ്രതിനിധികളും തൊഴിലുടമാ പ്രതിനിധികളും ഗവൺമെന്റിന്റെ പ്രതിനിധികളുമെല്ലാം കൂടിയിരുന്ന് ചർച്ച ചെയ്ത് ഒരു സമന്വയത്തിന്റെ അടിസ്ഥാനത്തിലാണ് 50 പൈസ എന്നുള്ളത് ഒരു രൂപയാക്കി വർദ്ധിപ്പിക്കാനുള്ള ഒരു ധാരണയിലെത്തി ഈ ബിൽ കൊണ്ടുവന്നത്. ആ ധാരണ ഇപ്പോഴും നിലനിൽക്കുന്നു. ഇവരുടേതെല്ലാം ഒന്നാവുകയാണ്, തുല്യമാവുകയാണ്. തൊഴിലാളികളുടെ, തൊഴിലുടമകളുടെ, സർക്കാരിന്റെയെല്ലാം തുല്യമാവുകയാണ്. ഇപ്പോൾ എല്ലാം ഓരോ രൂപ, ഓരോ രൂപ എന്നാണ്. സർക്കാരിന്റെ വിഹിതം കൂടുതൽ വർദ്ധിപ്പിക്കണമായിരുന്നുവെന്ന് ഞാൻ പറയാൻ കാരണം....

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, അതല്ലേ ഇവിടെ.....

ശ്രീ. ബാബു ദിവാകരൻ : സർ, ഇതുമൂന്നും തുല്യമാണ്. തൊഴിലാളികളുടെ വിഹിതവും തൊഴിലുടമയുടെ വിഹിതവും സർക്കാരിന്റെ വിഹിതവും ഇപ്പോൾ തുല്യമാണ്. മൂന്നും ഒരു രൂപ വീതമാണ്. ക്ഷേമനിധിയിൽ അംഗങ്ങളായിരുന്ന കശുവണ്ടി തൊഴിലാളികളുടെ പെൻഷൻ ക്ഷേമനിധി

LIBRARY ARCHIVES Kerala Legislative Assembly

കൊടുക്കുമ്പോൾ, ശ്രീ. ഷിബു ബേബിജോൺ ഇവിടെ ചൂണ്ടിക്കാണിച്ചതു പോലെ കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 60 വയസ് കഴിഞ്ഞിട്ടുള്ള എല്ലാ കശുവണ്ടിത്തൊഴിലാളികൾക്കും പെൻഷൻ കൊടുക്കാൻ തീരുമാനിച്ചു. അതിനുള്ള പണം സർക്കാരാണ് കൊടുക്കുന്നത്. അതിനുള്ള പണം സർക്കാർ കൊടുക്കണമെന്നുതന്നെയാണ് അതിൽ വിവക്ഷിച്ചിട്ടുള്ളത്. സർക്കാർ കാലാകാലങ്ങളിൽ കൊടുക്കുന്നുമുണ്ട്. പൂർണ്ണമായി കൊടുത്തുകഴിഞ്ഞു എന്നു പറയുന്നില്ല, അവരുടെ 16 മാസത്തെ പെൻഷൻ ഇപ്പോഴും കുടിശ്ശികയുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ തൊഴിലാളി ക്ഷേമനിധി ബോർഡുകളുടെ കുടിശ്ശിക പെൻഷനെല്ലാം കൊടുത്തു തീർക്കുന്നതിനായി 150 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതിൽ നിന്നും ആവശ്യമായ തുക കണ്ടെത്തി ആ പെൻഷൻ കുടിശ്ശിക കൊടുത്തുതീർക്കാവുന്നതാണ്. ഇതിൽ നേരത്തേയുണ്ടായ ഒരു ധാരണയുടെ അടിസ്ഥാനത്തിലാണ് ഈ ബിൽ കൊണ്ടുവന്നത്. എല്ലാവരുടേയും കോൺട്രിബ്യൂഷൻ തുല്യമാക്കിയിരിക്കുകയാണ്. ഈ ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് എന്തെങ്കിലും പ്രയാസമുണ്ടായാൽ ഗവൺമെന്റിനുതന്നെ എപ്പോൾ വേണമെങ്കിലും അതിൽ പണം കോൺട്രിബ്യൂട്ട് ചെയ്യുന്നതിൽ വിരോധമില്ല.

ശ്രീ. ഷിബു ബേബി ജോൺ : സർ, ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് നായനാർ സർക്കാർ കൊണ്ടുവന്നതാണെന്നാണ്. അന്ന് കടുത്ത സാമ്പത്തിക പ്രതിസന്ധിയെ നേരിട്ടതാണ്. ഇപ്പോൾ യു.ഡി.എഫ്. അധികാരത്തിൽ വന്നതിനുശേഷം രണ്ടുവർഷംകൊണ്ട് സാമ്പത്തിക പ്രതിസന്ധി തരണം ചെയ്യാൻ സാധിച്ചു എന്നാണ് പറയുന്നത്. ആ സ്ഥിതിക്കെങ്കിലും മുമ്പ് നിലനിർത്തിയിരുന്ന അനുപാതം, തൊഴിലാളികൾ 50 പൈസ കൊടുക്കുമ്പോൾ അതിന്റെ ഇരട്ടി എന്ന അനുപാതം.

മി. സ്പീക്കർ : കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്നത് എത്ര വേണമെങ്കിലും ചോദിക്കാമെന്നാണോ? കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്നില്ല എന്നാണ് ശ്രീ. കെ. പി. രാജേന്ദ്രൻ പറയുന്നത്. ശ്രീ. ബാബു ദിവാകരൻ പറയുന്നത് കഴിഞ്ഞ ഗവൺമെന്റ് കൊണ്ടുവന്നതാണെന്നാണ്. ശ്രീ. കെ. പി. രാജേന്ദ്രൻ പറയുന്നത് ഇത് ഇവിടെ പാസ്സാക്കിയാൽ തൊഴിലാളിക്ക് ദ്രോഹമാണെന്നാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഇത് നേരത്തെ സഭയിൽ അവതരിപ്പിച്ചിട്ടില്ല. സഭയിൽ അവതരിപ്പിച്ചാലല്ലേ ഞങ്ങൾക്ക് പറയാൻ പറ്റുകയുള്ളു ? തൊഴിലാളി കൊടുക്കുന്ന സംഖ്യയുടെ ഇരട്ടി സംഖ്യ ഗവൺമെന്റ് കൊടുക്കണമെന്നുള്ളതാണ് നിങ്ങൾ മാറ്റുന്നത്. അത് തൊഴിലാളിക്ക് നഷ്ടമുള്ളതല്ലേ ? ഒരു രൂപ തൊഴിലാളി കൊടുത്താൽ അതിന്റെ ഇരട്ടി ഗവൺമെന്റ് കൊടുക്കണ്ടേ ?

ശ്രീ. ബാബു ദിവാകരൻ : ഞാൻ നേരത്തെ പറഞ്ഞു, സർക്കാരിൽ നിന്നും എത്ര കോൺട്രിബ്യൂഷൻ കൊടുക്കുന്നതിനും ഒരു ബാറുമില്ല. ഇത് ഒരു രൂപ എന്ന് തീരുമാനിച്ചതുകൊണ്ട് ഈ ബോർഡിലേയ്ക്ക് വേറെ പണം കൊടുക്കില്ല എന്നു പറഞ്ഞിട്ടില്ല. സർക്കാരിന് ഈ ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമെന്നു കണ്ടാൽ എപ്പോൾ വേണമെങ്കിലും കോൺട്രിബ്യൂട്ട് ചെയ്യാം.

LIBRARY ARCHIVES Kerala Legislative Assembly

Mr. Speaker : Shri Shibu Baby John, do you press your amendment ?

Shri Shibu Baby John : No Sir.

Mr. Speaker : The amendment moved by Shri Shibu Baby John is, by leave, withdrawn. Shri Kovoor Kunjumon, do you press your amendment ?

Shri Kovoor Kunjumon : No Sir.

Mr. Speaker : The amendment moved by Shri Kovoor Kunjumon is, by leave, withdrawn.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2001-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

Shri M. A. Vaheed : Sir, I move the following amendment :

(106) In sub-section (2) of section 5 of the Principal Act proposed to be amended by clause 2 (1) for the words "one rupee" the words "one rupee and seventy-five paise" shall be substituted.

Shri K.P. Rajendran : Sir, I move the following amendments :

(107) In sub-section (2) of section 5 of the principal Act proposed to be amended by clause 2 (i) substitute "Two rupees" for the words "one rupee".

(129) After sub-section (3A) of section 5 of the principal Act proposed to be amended by clause 2 (ii) a new sub-section (3B) shall be added as follows :

"(3B) In case of failure on the part of Government or employer to make payment as stated in (3A), the Government or employer shall pay twice the amount".

അതുസംബന്ധിച്ച് എനിക്ക് രണ്ടുവാക്ക് പറയാതിരിക്കാൻ പറ്റില്ല. കാരണം ഇതിൽ തെറ്റിദ്ധാരണയുണ്ടാകാൻ പാടില്ല. എൽ.ഡി.എഫ്.-ന്റെ കാലത്തു കൊണ്ടുവന്ന ഓർഡിനൻസ് എന്നൊക്കെ പറഞ്ഞ് ഒരു തെറ്റിദ്ധാരണ വരരുത്. ഇതിൽ വളരെ പ്രധാനപ്പെട്ട ഒരു ഭേദഗതി, ഗവൺമെന്റ് കൊണ്ടുവരുന്നത് തൊഴിലാളിക്ക് ഗുണകരമായിട്ടല്ല എന്നുള്ളതുകൊണ്ടാണ് ഞാൻ പറയുന്നത്. ഞാനത് വായിക്കാം.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ : വായിക്കണ്ട അമെന്റുമെന്റ് അവതരിപ്പിച്ചാൽ മതി.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഇത് വളരെ പ്രധാനപ്പെട്ട ഒരു പോയിന്റാണ്. The contribution shall be paid on employee at the rate of 50 paise for every day or work done by the Cashew Factory. ശരി. ആ ഒരു രൂപ കൊടുക്കുമ്പോൾ നമ്മുടെ നിയമത്തിലുള്ള വ്യവസ്ഥയെന്താണ് ? അതിന്റെ ഇരട്ടി സംഖ്യ തൊഴിലുടമ അടയ്ക്കണ്ടേ? ഗവൺമെന്റ് അതിനൊരു മാച്ചിംഗ് ഗ്രാന്റായി കൊടുക്കണ്ടേ? ഞാൻ എന്റെ രണ്ടു ഭേദഗതികളിലും അതു പറഞ്ഞിട്ടുണ്ട്. 50 പൈസ എന്നുള്ളത് ഒരു രൂപ എന്നു പറഞ്ഞിട്ട് കാര്യമുണ്ടോ ? 50 പൈസ എന്നുള്ളത് ഒരു രൂപയാക്കി, അത് തൊഴിലാളി അടയ്ക്കുന്ന 50 പൈസയാണ്.

മി. സ്പീക്കർ : മാച്ചിംഗ് ഗ്രാന്റായി അവരുടെ വേതനത്തേക്കാൾ കൂടുതൽ ഇപ്പോൾ നൽകുന്നുണ്ട്. 10-24 കോടി രൂപ ഗവൺമെന്റിനു നഷ്ടപ്പെട്ടാണ് കൊടുക്കുന്നത്. ഇതിൽ വേറൊരു കാര്യമുണ്ട്, അസംഘടിതരായ വളരെയധികം പാവപ്പെട്ട പട്ടിണിക്കാർ ഈ രാജ്യത്തുണ്ട്. അവരുടെകൂടി നികുതി എടുത്താണ് ഓരോന്ന് കൊടുക്കുന്നത് എന്നുള്ളത് ആലോചിക്കണം.

ശ്രീ. കെ. പി. രാജേന്ദ്രൻ : ഞാൻ ഒന്നു പറയട്ടെ, കയർ തൊഴിലാളികളുടെ കാര്യം ഞാൻ നേരത്തേ ഇവിടെ പറഞ്ഞതാണ്. രണ്ടുരൂപ എന്നുള്ളത് 5 രൂപയാക്കി, അല്ലെങ്കിൽ 5 രൂപ 10 രൂപയാക്കി, ഇരട്ടിയാക്കി. തൊഴിലാളി എത്ര അടയ്ക്കുന്നോ അതിന്റെ ഇരട്ടി സംഖ്യ തൊഴിലുടമ അതിലേയ്ക്ക് അടയ്ക്കുകയാണ്. അപ്പോൾ ഒരു രൂപ തൊഴിലാളി അടയ്ക്കുകയാണെങ്കിൽ രണ്ടുരൂപ തൊഴിലുടമ അടയ്ക്കണം, അതുപോലെ രണ്ടുരൂപ ഗവൺമെന്റിന്റെ മാച്ചിംഗ് ഗ്രാന്റ്.

Shri C. Mammutty : Sir, I move the following amendment :

(116) In sub-section (3A) of section 5 of the principal Act proposed to be amended by clause 2 (ii) for the words "an amount equal to the amount of contribution" substitute the words "an amount equal to half the amount of contribution".

Shri K. K. Jayachandran : Sir, I move the following amendment :

(127) In sub-section (3A) the principal Act proposed to be amended by clause 2 (ii) for the word "equal" substitute the word "Thrice".

LIBRARY ARCHIVES Kerala Legislative Assembly

Shri Thomas Unniyadan : Sir, I move the following amendment :

(128) In sub-section (3A) of section 5 of the principal Act proposed to be amended by clause 2 (ii) for the words "contribution paid by employees" the words "contribution paid by the employees during the previous year" shall be substituted.

Shri Kodiyeri Balakrishnan : Sir, I move the following amendment.

(131) After sub-section (4) of seetion 5 of the principal Act the following shall be added namely.

"(5) The Government shall contribute to the fund an amount equal to the contribution payable by the employees under sub-section(1)"

സർ, കശുവണ്ടി തൊഴിലാളികളുടെ ക്ഷേമനിധിയിലുള്ള അംശദായം തൊഴിലാളികളുടേത് വർദ്ധിക്കുന്നു, അതിനനുസരിച്ച് ഗവൺമെന്റിന്റെ വർദ്ധനവിൽ കുറവുവരികയാണ് ചെയ്യുന്നത്. യഥാർത്ഥത്തിൽ തൊഴിലാളികളെ സഹായിക്കാനെന്ന പേരു പറഞ്ഞുകൊണ്ട് ഗവൺമെന്റ് നിർവ്വഹിച്ചുകൊണ്ടിരുന്ന ബാധ്യതയിൽ നിന്നും ഒഴിവാകുന്ന ഒരു സ്ഥിതി ഇതിൽ വന്നിട്ടുണ്ട്. അതുകൊണ്ടാണ് ഈ ഭേദഗതി ഞാനിവിടെ അവതരിപ്പിക്കുന്നത്.

ശ്രീ. എ. കെ. ബാലൻ : സർ, എനിക്ക് ഒരു മിനിട്ടുമതി, വളരെ പ്രസക്തമായിട്ടുള്ള കാര്യമാണ് ഞാൻ പറയുന്നത്. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി കോർപ്പറേഷനുകൾ അടച്ചുപൂട്ടിയിരിക്കുന്നു, തൊഴിലാളികൾക്ക് പണിയില്ല എന്ന് സ്ഥാപിച്ചതാണ്. ബഹുമാനപ്പെട്ട സ്പീക്കർ ഒന്നു മനസ്സിലാക്കേണ്ടത്, ഉദ്ദേശ കാരണങ്ങളുടെ വിവരണത്തിൽ പറയുന്നത്. കശുവണ്ടി തൊഴിലാളികളുടെ കുറഞ്ഞകൂലി പുതുക്കിയതിലുണ്ടായ വർദ്ധനവും അതിലെ അംഗങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്നു എന്നാണ്. ഇവിടെ ആനുകൂല്യങ്ങളുടെ എണ്ണത്തിലും നിരക്കിലുമുണ്ടായ വർദ്ധനവ് കണക്കിലെടുത്തുകൊണ്ട് തൊഴിലാളികളുടെ ഓരോ പ്രവൃത്തി ദിവസത്തെ അംശദായം 50 പൈസയിൽ നിന്നും ഒരു രൂപയായി ഉയർത്താൻ.....ഇവിടെ പൂട്ടിക്കിടക്കുന്ന വ്യവസായശാലകളിലെ തൊഴിലാളികളുടെ അംശദായം വർദ്ധിപ്പിക്കുകയാണ്.

മി. സ്പീക്കർ : മനസ്സിലായി. I got your point. But it is not an amendment. ഇവിടെ അമെന്റുമെന്റാണ് അവതരിപ്പിക്കുന്നത്, പരിഗണിക്കുന്നത് അമെന്റുമെന്റാണ്.

ശ്രീ. എ. കെ. ബാലൻ : തൊഴിലുള്ള സമയത്ത് ഗവൺമെന്റ് കൊടുക്കുന്ന അംശദായത്തിന്റെ റേറ്റിൽ ക്രൈസിസാണ്. യഥാർത്ഥത്തിൽ തൊഴിലാളികൾ ബുദ്ധിമുട്ടനുഭവിക്കുന്ന അവസരത്തിലാണ് ഗവൺമെന്റ് ഇടപെടേണ്ടത്. തൊഴിലാളിക്ക് ബുദ്ധിമുട്ടില്ലാത്ത അവസരത്തിൽ twice ഇപ്പോൾ ഈകൽ. അതുകൊണ്ട് ഗവൺമെന്റ് അംശദായം വർദ്ധിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, അതിൽ ഒരു വാക്ക് പറയാനുള്ളത്, അതുപോലുള്ള തൊഴിലാളി ക്ഷേമനിധി ബോർഡുകളിലെ പ്രവർത്തനങ്ങളിലെല്ലാം സ്വീകരിച്ചിട്ടുള്ള സമീപനത്തിൽ മാത്രമേ ഇത്രയും സ്വീകരിച്ചിട്ടുള്ളു. അടുത്ത് എല്ലാവർക്കും താല്പര്യമുള്ള കർഷക തൊഴിലാളികളുടെ ബിൽ വരുന്നുണ്ട്. നിങ്ങൾ എത്രകാലമിരുന്നിട്ടും ഗവൺമെന്റിന്റെ ഒരു നയാപൈസപോലും അതിൽ കോൺട്രിബ്യൂഷനില്ല. അപ്പോൾ കാലാകാലങ്ങളിൽ ഗവൺമെന്റിന്റെ സാമ്പത്തിക നിലയുംകൂടി വച്ചിട്ടുമാത്രമേ ഇത് ചെയ്യാൻ പറ്റുകയുള്ളു. അതുകൊണ്ട് ഈ ബോർഡിന്റെ പ്രവർത്തനങ്ങളിൽ എന്തെങ്കിലും പോരായ്മയുണ്ടെങ്കിൽ ഗവൺമെന്റ് കാലാകാലങ്ങളിൽ ആവശ്യമായ പണം നീക്കി വയ്ക്കുമെന്നുള്ളതുകൊണ്ട് ഭേദഗതികൾ സ്വീകരിക്കാൻ നിവർത്തിയില്ല.

മി. സ്പീക്കർ : ശ്രീ. എം. എ. വാഹീദ് അവതരിപ്പിച്ച 106-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 116-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടു കൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. കെ. കെ. ജയചന്ദ്രൻ അവതരിപ്പിച്ച 127-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. തോമസ് ഉണ്ണിയാടൻ അവതരിപ്പിച്ച 128-ാം നമ്പർ ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിക്കപ്പെട്ടു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 131-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 107, 129 എന്നീ നമ്പർ ഭേദഗതികൾ പ്രസ്സു ചെയ്യുന്നുണ്ടോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, പ്രസ്സ് ചെയ്യുന്നു. 129-ാം നമ്പർ ഭേദഗതിക്കു ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെ പറയുംപ്രകാരം വോട്ടു രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ - 31

1. ശ്രീ. മഞ്ഞളാംകുഴി അലി
2. ശ്രീ. എ. എ. അസീസ്
3. ശ്രീ. കോടിയേരി ബാലകൃഷ്ണൻ
4. ശ്രീ. എ. കെ. ബാലൻ
5. ശ്രീ. ടി. കെ. ബാലൻ
6. ശ്രീ. വി. കെ. ചന്ദ്രൻ

LIBRARY ARCHIVES Kerala Legislative Assembly

7. ശ്രീ. വി. ചെന്താമരാക്ഷൻ
8. ശ്രീ. ടി. കെ. ദേവകുമാർ
9. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
10. ശ്രീ. കെ. കെ. ജയചന്ദ്രൻ
11. ശ്രീ. എം. വി. ജയരാജൻ
12. ശ്രീ. പി. ജയരാജൻ
13. ശ്രീ. എം. കുമാരൻ
14. ശ്രീ. കെ. വി. കുഞ്ഞിരാമൻ
15. ശ്രീ. കോവൂർ കുഞ്ഞുമോൻ
16. ശ്രീ. വി. കെ. സി. മമ്മത്കോയ
17. ശ്രീ. മത്തായി ചാക്കോ
18. ശ്രീ. കെ. പി. മോഹനൻ
19. ശ്രീ. പിരപ്പൻകോട് മുരളി
20. ഡോ. എ. നീലലോഹിതദാസൻ നാടാർ
21. ശ്രീ. കെ. രാധാകൃഷ്ണൻ
22. ശ്രീ. മാങ്കോട് രാധാകൃഷ്ണൻ
23. ശ്രീ. എൻ. രാജൻ
24. ശ്രീ. കെ. പി. രാജേന്ദ്രൻ
25. ശ്രീ. രാജു എബ്രഹാം
26. ശ്രീ. ടി. പി. രാമകൃഷ്ണൻ
27. ശ്രീ. സാജു പോൾ
28. ശ്രീ. കെ. പി. സതീശ് ചന്ദ്രൻ
29. ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ
30. ശ്രീ. പി. എസ്. സുപാൽ
31. ഡോ. തോമസ് ഐസക്

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

പ്രതികൂലിക്കുന്നവർ - 61

1. ശ്രീ. ചെർക്കളം അബ്ദുള്ള
2. ശ്രീ. കളത്തിൽ അബ്ദുള്ള
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. ശ്രീ. കെ. അച്ചുതൻ
5. ശ്രീ. സി. ടി. അഹമ്മദ് അലി
6. ശ്രീ. എ. പി. അനിൽ കുമാർ
7. ശ്രീ. എ. കെ. ആന്റണി
8. ശ്രീ. കെ. ബാബു
9. ശ്രീ. ബാബു ദിവാകരൻ
10. ശ്രീ. ആർ. ബാലകൃഷ്ണപിള്ള
11. ശ്രീ. ടി. വി. ചന്ദ്രമോഹൻ
12. ശ്രീ. കെ. എ. ചന്ദ്രൻ
13. ശ്രീ. എം. എ. ചന്ദ്രശേഖരൻ
14. ശ്രീ. ഡൊമിനിക് പ്രസന്റേഷൻ
15. ശ്രീ. പ്രയാർ ഗോപാലകൃഷ്ണൻ
16. ശ്രീ. എം. എം. ഹസ്സൻ
17. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
18. ശ്രീ. ജോണി നെല്ലൂർ
19. ശ്രീ. കെ. സി. ജോസഫ്
20. ശ്രീ. ജോസഫ് എം. പുതുശ്ശേരി
21. ശ്രീ. പി. ജെ. ജോയി
22. ശ്രീ. ജി. കാർത്തികേയൻ
23. ശ്രീ. കെ. കെ. നായർ
24. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
25. ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി
26. ശ്രീ. ലൂഡി ലൂയിസ്
27. ശ്രീ. സി. മമ്മൂട്ടി

28. ശ്രീ. കെ. മുഹമ്മദാലി
29. ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ
30. ശ്രീ. കെ. മോഹൻ കുമാർ
31. ശ്രീ. എ. കെ. മണി
32. ശ്രീ. സി. മോയിൻകുട്ടി
33. ശ്രീ. ആര്യാടൻ മുഹമ്മദ്
34. ശ്രീ. എം. മുരളി
35. ശ്രീ. ടി. എച്ച്. മുസ്തഫ
36. ശ്രീ. എഴുകോൺ നാരായണൻ
37. ശ്രീ. ഉമ്മൻചാണ്ടി
38. ശ്രീ. ടി. എൻ. പ്രതാപൻ
39. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
40. ശ്രീ. ടി. യു. രാധാകൃഷ്ണൻ
41. ശ്രീമതി രാധാരാഘവൻ
42. ശ്രീ. എം. വി. രാഘവൻ
43. ശ്രീ. യു. സി. രാമൻ
44. ശ്രീ. തമ്പാനൂർ രവി
45. ശ്രീ. റോഷി അഗസ്റ്റിൻ
46. ശ്രീ. എൻ. ശക്തൻ
47. ശ്രീ. പി. ശങ്കരൻ
48. ശ്രീ. കെ. ശങ്കരനാരായണൻ
49. ശ്രീമതി മാലേത്ത് സരളാ ദേവി
50. ശ്രീ. വി. ഡി. സതീശൻ
51. പ്രൊഫ. സാവിത്രി ലക്ഷ്മണൻ
52. ശ്രീ. ഷിബു ബേബിജോൺ
53. ശ്രീ. സ്റ്റീഫൻ ജോർജ്
54. ശ്രീ. കെ. സുധാകരൻ
55. ശ്രീ. എൻ. സുന്ദരൻ നാടാർ

555/14

LIBRARY ARCHIVES Kerala Legislative Assembly

56. ശ്രീ. സി. എഫ്. തോമസ്

57. പ്രൊഫ. കെ. വി. തോമസ്

58. ശ്രീ. പി. ടി. തോമസ്

59. ശ്രീ. തോമസ് ഉണ്ണിയാടൻ

60. ശ്രീ. എം. എ. വാഹീദ്

61. ശ്രീ. കെ. സി. വേണുഗോപാൽ

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 31

പ്രതികൂലിക്കുന്നവർ - 61

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ശ്രീ. കെ. പി. രാജേന്ദ്രൻ അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

Smt. P. K. Sreemathi Teacher : Sir, I move the following amendment :

(91) The title of the Bill shall be recast as follows :-

"The Kerala Cashew Workers' Relief and Welfare Fund (Amendment) Bill, 2003".

Shri K. V. Kunhiraman : Sir, I move the following amendment :

(93) The title of the Bill shall be recast as follows :-

"The Kerala Cashew Workers' Relief and Welfare Fund (Reduction of Government Grant) Bill, 2001".

Shri K. P. Mohanan : Sir, I move the following amendment :

(96) In the enacting formula for the word "fifty third" the word "Fifty Fourth" shall be substituted.

LIBRARY ARCHIVES Kerala Legislative Assembly

Shri V. K. Chandran : Sir, I move the following amendment :

(104) Clause 1 (2) shall be recast as follows :-

(2) "It shall come into force on such date as the Government may by notification in the Gazette, appoint".

Shri Kodiyeri Balakrishnan : Sir, I mvoe the following amendment :

(105) Clause 1 (2) shall be recast as follows :

(2) "It shall be deemed to have come into force from the 1st day of January, 2002."

ഇതിൽ "It shall come into force at once" എന്നാണ് അത്. "It shall be deemed to have come into force from the 1st day of January 2002" എന്നാക്കണം.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : കഴിഞ്ഞുപോയ ദിവസങ്ങളിലെ ശമ്പളമൊക്കെ തിരിച്ചു പിടിക്കുക എന്നു പറയുന്നതു തൊഴിലാളികൾക്കു തന്നെ ബുദ്ധിമുട്ടാകും. അതുകൊണ്ട് ഈ നിയമം പാസ്സാക്കുന്നതു മുതൽ മതി എന്നാണ് വിചാരിക്കുന്നത്. I accept the amendment No. 96. മറ്റു ഭേദഗതികൾ സ്വീകാര്യമല്ല.

മി. സ്പീക്കർ : ശ്രീ. കെ. പി. മോഹനൻ അവതരിപ്പിച്ച 96-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ അവതരിപ്പിച്ച 91-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. കെ. വി. കുഞ്ഞിരാമൻ അവതരിപ്പിച്ച 93-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. വി. കെ. ചന്ദ്രൻ അവതരിപ്പിച്ച 104-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച 105-ാം നമ്പർ ഭേദഗതി നിരാകരിക്കപ്പെട്ടു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

LIBRARY ARCHIVES Kerala Legislative Assembly

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2001-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കിത്തരണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ : 2001-ലെ കേരള കശുവണ്ടി തൊഴിലാളി ആശ്വാസ ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ സഭ പാസ്സാക്കി.

(3) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2001-ലെ കേരള കർഷകത്തൊഴിലാളി (ഭേദഗതി) ബിൽ

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2001-ലെ കേരള കർഷകത്തൊഴിലാളി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആർ. ബാലകൃഷ്ണപിള്ള) : പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും പുനരധിവാസവും വകുപ്പുമന്ത്രി (ശ്രീ. ബാബു ദിവാകരൻ) : സർ, ഇതിനുമുമ്പ് നമ്മൾ പാസ്സാക്കിയ നിയമം പോലെതന്നെ കർഷകത്തൊഴിലാളികളുടെ അംശദായം രണ്ടു രൂപയിൽ നിന്നും 5 രൂപയായി വർദ്ധിപ്പിക്കുന്നതിനുവേണ്ടി കൊണ്ടുവന്നിട്ടുള്ള ഒരു ഭേദഗതിയാണിത്. കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്, കഴിഞ്ഞ ഗവൺമെന്റിന്റെകാലത്തു നിലവിലിരുന്നതാണ്. അതിന്റെ ചെയർമാൻ ഇവിടെതന്നെയുണ്ട് എന്നാണ് തോന്നുന്നത്. അവർ എല്ലാവരുമായി ചേർന്നു ഇതിന്റെ എല്ലാ വശങ്ങളെക്കുറിച്ചും ചർച്ച ചെയ്തതിനുശേഷം ഒരു സമന്വയത്തിന്റെ അടിസ്ഥാനത്തിൽ കൊണ്ടുവന്നിട്ടുള്ള ഒരു ഭേദഗതിയാണിത്. ഇതിനകത്ത് ഭൂഉടമകളുടെ വീഹിതം വർദ്ധിപ്പിക്കുന്നതിനെ സംബന്ധിച്ചുള്ള ഭേദഗതികൾ ഒന്നും കൊണ്ടുവന്നിട്ടില്ല. അതിനു കാരണങ്ങൾ ഉണ്ട്. ഈ ക്ഷേമനിധി ബോർഡ് നിലവിൽ വരുമ്പോൾത്തന്നെ അന്നത്തെ തൊഴിൽ ഉടമകൾ സംഘടിതമായി ഇതിനെ ചെറുക്കുന്നതിനുവേണ്ടി കേസ്സുകൾ കൊടുത്തു, ഇപ്പോഴും രണ്ട് കേസ്സുകൾ നിലവിൽ ഇരിക്കുകയാണ്. അതുകൊണ്ട് അവിടെ അംശദായം പിരിച്ചെടുക്കാൻ കഴിഞ്ഞില്ല. രണ്ടു മൂന്നു കേസ്സുകൾ ഡിസ്പോസ് ചെയ്തതിനുശേഷം രണ്ടു മൂന്നു വർഷമായിട്ട് കുറേശ്ശേ എങ്കിലും അംശദായം പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇപ്പോഴും അതു ഫലവത്തായി നമുക്ക് പിരിച്ചെടുക്കാൻ കഴിയുന്നില്ല. എങ്കിൽപ്പോലും കർഷകത്തൊഴിലാളികളുടെ ആനുകൂല്യവും ഈ ബോർഡിന്റെ പ്രവർത്തനങ്ങളും വളരെ കൂടുതൽ ഫലപ്രദമായി മുന്നോട്ടുപോയിട്ടുണ്ട്. ഈ സാഹചര്യത്തിൽ തൊഴിലാളികളുടെ അംശദായം

LIBRARY ARCHIVES Kerala Legislative Assembly